

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2017
ഏപ്രിൽ

Volume VIII Issue 03

Times of America Online Monthly News Journal.
web:mytimesofamerica.com

Tel: 267-991-2111
e-mail:timesofamerica@yahoo.com





# ബറാക് ഒബാമയുടെ കാലാവസ്ഥ സംരക്ഷണ പദ്ധതി പ്രസിഡന്റ് ട്രംപ് റദ്ദാക്കി



*വാഷിംഗ്ടൺ:* മുൻ പ്രസിഡന്റ് ബറാക് ഒബാമ കൊണ്ടുവന്ന കാലാവസ്ഥ സംരക്ഷണ പദ്ധതി ഡൊണാൾഡ് ട്രംപ് റദ്ദാക്കി.

കാലാവസ്ഥാ വ്യതിയാനം ചെറുക്കാനുള്ള പാരീസ് ഉടമ്പടിയുടെ ഭാഗമായിരുന്ന പദ്ധതിയാണ് പ്രസിഡന്റ് നിർത്തലാക്കിയത്.

കൽക്കരി ഉപയോഗിക്കുന്ന ഊർജപദ്ധതികളിൽനിന്നുള്ള കാർബൺ പുറന്തള്ളൽ കുറയ്ക്കുകയായിരുന്നു പദ്ധതികൊണ്ട് ഒബാമ ലക്ഷ്യമാക്കിയത്. ക്ലീൻ എനർജി പദ്ധതി അമേരിക്കയുടെ വികസനക്കുതിപ്പിനേറ്റ ആഘാതമാണ്. ഒബാമയുടെ ഖനി വിരോധത്തിനും തൊഴിൽ അവസരങ്ങൾ കുറയ്ക്കുന്ന നയങ്ങൾക്കും ഇതോടെ അവസാനമായെന്നും ഊർജ്ജ ഇറക്കുമതി വെട്ടിക്കുറക്കാനും സ്വയംപര്യാപ്തരാകാനും ഉത്തരവ് അമേരിക്കയെ പര്യാപ്തരാക്കുമെന്നുമാണ് ട്രംപിന്റെ അവകാശവാദം.

പുതിയ ഉത്തരവിനെ ഖനി വ്യവസായികൾ അനുകൂലിച്ചപ്പോൾ പരിസ്ഥിതി പ്രവർത്തകർ ഇതിനെതിരെ പ്രതിഷേധം ആരംഭിച്ചുകഴിഞ്ഞു.

ഒബാമ കെയർ നിർത്തലാക്കാൻ ട്രംപ് ശ്രമിച്ചിരുന്നെങ്കിലും സ്വന്തം പാർട്ടിയിൽ നിന്നുള്ള എതിർപ്പു ഉയർന്നിരുന്നു.

## ഈ ആഴ്ച നൊബേൽ പുരസ്കാരം സ്വീകരിക്കും



*ലണ്ടൻ:* വാർത്തകൾക്കും വിവാദങ്ങൾക്കും അവസാനം കുറിച്ചുകൊണ്ട് പോപ്പ് ഗായകൻ ബോബ് ഡിലൻ നൊബേൽ പുരസ്കാരം സ്വീകരിക്കുമെന്ന് അറിയിച്ചു.

കഴിഞ്ഞ ഒക്ടോബറിൽ ഡിലനെ സാഹിത്യത്തിനുള്ള നൊബേലിന് തെരഞ്ഞെടുത്തിരുന്നു. സമിതി തന്നെയാണ് ഡിലൻ പുരസ്കാരം വാങ്ങാനെത്തുമെന്ന വാർത്ത പുറത്തുവിട്ടത്.

## എച്ച് 1 ബി വിസയുടെ എണ്ണം ക്രമീകരിക്കണമെന്ന് നോർത്ത് കരോലന സെനറ്റർ തോം ടില്ലിസ്

*വാഷിംഗ്ടൺ:* രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി എച് 1 ബി വിസയുടെ എണ്ണം ക്രമീകരിക്കണമെന്ന് നോർത്ത് കരോലന സെനറ്റർ തോം ടില്ലിസ്. സെനറ്റ് സാമ്പത്തിക കമ്മറ്റി യോഗത്തിലാണ് ടില്ലിസ് അഭിപ്രായപ്പെട്ടത്.

പ്രശ്നം പരിഹരിക്കുന്നതിന് അമേരിക്കയിലെ കുട്ടികളിൽ നിക്ഷേപം നടത്തുകയും വിശ്വാസമർപ്പിക്കുകയുമാണ് വേണ്ടതെന്നും വ്യവസായരംഗത്തെ ജോലികൾ ചെയ്യുന്നതിന് മതിയായ ആളുകൾക്ക് വിദ്യാഭ്യാസം നൽകണമെന്നും ഹാർവാർഡ് സർവകലാശാലയിലെ സാമ്പത്തികവിഭാഗം പ്രൊഫസറായ വില്യം സ്പ്രിഗ്സ് അഭിപ്രായപ്പെട്ടു. എച് 1 ബി വിസ തൊഴിൽ ചൂഷണത്തിനും അമേരിക്കൻ തൊഴിലാളികളുടെ ജോലികൾ നഷ്ടമാകുന്നതിനും ഇടയാക്കിയതായും സ്പ്രിഗ്സ് കൂട്ടിച്ചേർത്തു.

പ്രസിഡന്റ് ഡോണൾഡ് ട്രംപ് അധികാരത്തിലേറിയതിനുശേഷം അമേരിക്കൻ പൗരന്മാർക്ക് മുൻഗണന നൽകുന്നതിനും വിദഗ്ദ്ധ തൊഴിലാളികളെ മാത്രം ഉൾപ്പെടുത്തുന്നതിനും വിസ പരിഷ്കരിക്കണം നിർദ്ദേശിച്ചിരുന്നു.

## ബ്രെക്സിറ്റ് നടപടികൾക്ക് ഔദ്യോഗിക തുടക്കം

*ലണ്ടൻ:* ബ്രെക്സിറ്റ് നടപടികൾക്ക് ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മെയ് ഔദ്യോഗികമായി തുടക്കമിട്ടു. യൂറോപ്യൻ യൂണിയൻ വിടാൻ തീരുമാനിച്ചതായി അറിയിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി മെയ് ഇ.യു വിടണമെന്ന ഹിതപരിശോധനാ തീരുമാനത്തിന് ഒമ്പതു മാസത്തിനുശേഷമാണ് ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചത്. യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങൾ തമ്മിലുള്ള ലിസ്ബൻ ഉടമ്പടിയുടെ 50-ാം അനുച്ഛേദ പ്രകാരമാണ് ബ്രെക്സിറ്റ് നടപടികൾ മുന്നോട്ടുപോവുക. 2019 മാർച്ച് 31നാണ് ബ്രിട്ടൻ യൂണിയനിൽനിന്ന് പൂർണ്ണമായും മോചിതമാവുക.

കഴിഞ്ഞവർഷം 24നാണ് ബ്രെക്സിറ്റ് അനുകൂലമായി ബ്രിട്ടീഷ് ജനത വിധിയെഴുതിയത്. ഹിതപരിശോധനയിൽ 51.89 ശതമാനം പേർ ബ്രെക്സിറ്റിനെ അനുകൂലിച്ചു. തുടർന്ന് പ്രധാനമന്ത്രി ഡേവിഡ് കാമറൺ രാജിവെക്കുകയും മാസങ്ങൾക്കുശേഷം ബ്രെക്സിറ്റ് വാദിയായ തെരേസ മെയ് അധികാരമേൽക്കുകയും ചെയ്തു. നടപടികൾ തുടങ്ങുവാൻ നിശ്ചയിച്ചെങ്കിലും യു.കെ.സുപ്രീം കോടതി വിധി തിരിച്ചടിയായി. ബ്രെക്സിറ്റ് നടപ്പാക്കുന്നതിന് ബ്രിട്ടീഷ് പാർലമെന്റിന്റെ അനുമതിവേണമെന്നാണ് കോടതിവിധി.

## വില കൂടിയ നാണയം മോഷണം പോയി



*ബെർലിൻ:* 33.5 ലക്ഷം ഡോളർ മതിപ്പുവിലയുള്ള ലോകത്തിലെ ഏറ്റവും വില കൂടിയ നാണയം ബെർലിൻ മ്യൂസിയത്തിൽനിന്നും മോഷണം പോയി. ബിഗ് മാപ്പിൾ ലീഫ് എന്നറിയപ്പെടുന്ന ഈ അത്യപൂർവ്വ സ്മാരക നാണയം കാനഡ സർക്കാർ 2007ലാണ് ജർമനിക്കു സമ്മാനിച്ചത്.


GLOBAL TRAVEL EXPERTS
Our expertise, your benefits






REJI PHILIP
9823 Bustleton Ave
Philadelphia, PA 19115
Email: info@GTEtravels.com
www.GTEtravels.com

New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253 | Toll Free (855) 363-5848

## ദേശീയ കമ്മീഷനുകൾ പുനഃ സംഘടിപ്പിക്കാത്തതിൽ പ്രതിഷേധം



*ന്യൂഡൽഹി:* മോദി സർക്കാർ രാജ്യത്തെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും ന്യൂനപക്ഷ, പിന്നാക്ക ജനവിഭാഗങ്ങൾക്കും എതിരാണെന്നതിന്റെ തെളിവാണ് ഈ വിഭാഗങ്ങളുടെ പരിരക്ഷയ്ക്കുതകുന്ന ദേശീയ കമ്മീഷനുകളുടെ പുനഃസംഘടന വൈകിക്കുന്നതെന്ന് കൊടിക്കുന്നിൽ സുരേഷ് എം.പി. ലോകസഭയിൽ കുറ്റപ്പെടുത്തി. ഭരണഘടന സ്ഥാപനമായ ദേശീയ പട്ടിക ജാതി കമ്മീഷൻ ചെയർമാന്റെയും മെമ്പർമാരുടെയും കാലാവധി അവസാനിച്ചിട്ടും പുതിയ ചെയർമാനെയും അംഗങ്ങളെയും നിയമിച്ചിട്ടില്ലെന്നും കൊടിക്കുന്നിൽ ചൂണ്ടിക്കാട്ടി.

## ബിഎസ്–3 വാഹനങ്ങളുടെ വില്പനയും രജിസ്ട്രേഷനും നിരോധനം



*ന്യൂഡൽഹി:* മലിനീകരണത്തോത് കൂടുതലുള്ള ബിഎസ്–3 വാഹനങ്ങളുടെ വില്പനയും രജിസ്ട്രേഷനും സുപ്രീം കോടതി നിരോധിച്ചു. ഇന്നു മുതൽ ബി.എസ്–4 വാഹനങ്ങൾ മാത്രമേ വിൽക്കാവൂയെന്നും ജസ്റ്റീസുമാരായ മദൻ ബി.ലോകുർ, ദീപക് ഗുപ്ത എന്നിവരുടെ ബഞ്ച് ഉത്തരവിട്ടു. ബിഎസ്–3 വാഹനങ്ങൾ വിൽക്കുന്നതിനു സമയപരിധി നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ട് വാഹന നിർമ്മാതാക്കൾ നൽകിയ ഹർജിയിലാണ് കോടതിയുടെ ഉത്തരവ്.

ബിഎസ് 3 വാഹനങ്ങൾ വിറ്റഴിക്കാതിരുന്നാൽ 12000കോടി രൂപയുടെ നഷ്ടമുണ്ടാകും. ഈ വാഹനങ്ങൾ ബിഎസ് 4ലേക്കു മാറ്റാനാണെങ്കിൽ പതിനായിരം കോടിയിലധികം ചെലവു വരുമെന്ന് സംഗ്വദി വാദിച്ചുവെങ്കിലും ഫലമുണ്ടായില്ല.

## ബാല്യകാലസഖിയെ വിവാഹം കഴിക്കാൻ സന്യാസം ഉപേക്ഷിച്ചു



*ന്യൂഡൽഹി:* ബാല്യകാലസഖിയെ വിവാഹം കഴിക്കുന്നതിനായി ടിബറ്റൻ ബുദ്ധസന്യാസി കർമാപ ലാമ സന്യാസം ഉപേക്ഷിച്ചു. ഭൂട്ടാൻ സ്വദേശിയായ തായെ ദോർജി (33)നെയാണ് 36കാരനായ റിൻചങ് വിവാഹം കഴിച്ചത്.

## ബാഗ്ദാദിൽ ചാവേർ ആക്രമണം 17 പേർ കൊല്ലപ്പെട്ടു

*ബാഗ്ദാദ്:* ദക്ഷിണ ബാഗ്ദാദിൽ ചാവേർ ഭടൻ നടത്തിയ സ്ഫോടനത്തിൽ 17 പേർ കൊല്ലപ്പെട്ടു. 60 പേർക്കു പരിക്കേറ്റു. സ്ഫോടകവസ്തു നിറച്ച ടാങ്കർ പോലീസ് ചെക്കുപോസ്റ്റിലെത്തിച്ചു സ്ഫോടനം നടത്തുകയായിരുന്നു. കൊല്ലപ്പെട്ടവരിൽ മൂന്നുപേർ പോലീസുകാരും ബാക്കി സിവിലിയന്മാരുമാണ്.

പടിഞ്ഞാറൻ മൊസൂൾ നഗരം ഐ.എസിന്റെ പിടിയിൽ നിന്നു മോചിപ്പിക്കാൻ ഇറാക്കി സൈന്യം യുദ്ധം തുടരുന്നതിനിടെയാണ് ബാഗ്ദാദിൽ ചാവേൽ ആക്രമണം നടന്നത്. കിഴക്കൻ മൊസൂൾ നേരത്തെ സൈന്യം മോചിപ്പിച്ചു. പടിഞ്ഞാറൻ മൊസൂളിൽ ഈയിടെ നടന്ന വ്യോമാക്രമണത്തിൽ 240 സിവിലിയൻമാർ കൊല്ലപ്പെട്ടെന്ന വാർത്തയെത്തുടർന്ന് ഇറാക്കി സൈന്യം കരുതലോടെയാണു നീങ്ങുന്നത്.

# മതിയായ യോഗ്യതയുണ്ടായിട്ടും തന്റെ അമ്മയ്ക്ക് ജഡ്ജിപദം ലഭിച്ചില്ല



*ന്യൂയോർക്ക്:* മതിയായ യോഗ്യതയുണ്ടായിട്ടും തന്റെ അമ്മയ്ക്ക് ഇന്ത്യയിൽ ജഡ്ജി പദവിയിലിരുന്നു കേസ് കേൾക്കാൻ അവസരം നിഷേധിക്കപ്പെട്ടുവെന്ന് യുഎന്നിലെ യുഎസ് അംബാസിഡർ ഇന്ത്യൻ വംശജ നിക്കി ഹേലി വെളിപ്പെടുത്തി. കൗൺസിൽ ഓഫ് ഫോറിൻ റിലേഷൻസിൽ നടത്തിയ പ്രസംഗത്തിനിടെയാണ് ഹേലി ഇക്കാര്യം പറഞ്ഞത്.

പൊതുവിദ്യാഭ്യാസം കുറഞ്ഞ കാലഘട്ടത്തിലും അമ്മയ്ക്ക് ഇന്ത്യൻ നിയമപഠനം നടത്താൻ കഴിഞ്ഞു. എന്നാൽ സ്ത്രീകൾക്കെതിരായി നിലനിന്നിരുന്ന സാമൂഹിക സാഹചര്യം നിമിത്തം ജഡ്ജിയായി സേവനം അനുഷ്ഠിക്കാൻ സാധിച്ചില്ല.

അതേ അമ്മയ്ക്ക് തന്റെ മകൾ സൗത്ത് കരോളെനയിലെ ഗവർണറാകുന്നതും യുഎന്നിലെ യുഎസ് അംബാസിഡറാകുന്നതും കാണാൻ സാധിച്ചെന്നും നിക്കി ഹേലി പറഞ്ഞു. ഹേലിയുടെ മാതാപിതാക്കൾ 1960കളിലാണ് അമേരിക്കയിലേക്കു കുടിയേറുന്നത്.

## ഉത്തർപ്രദേശിലെ മഹോബലയിൽ ജബർപൂർ– നിസാമുദിൻ ട്രെയിൻ പാളംതെറ്റി 52 പേർക്ക് പരിക്കേറ്റു

*ബാന്ദ:* ഉത്തർപ്രദേശിലെ മഹോബലയിൽ ജബൽപൂർ–നിസാമുദ്ദീൻ മഹാകൗശൽ എക്സ്പ്രസ് ട്രെയിൻ പാളം തെറ്റി 52 പേർക്ക് പരിക്ക്. പത്തുപേരുടെ നില ഗുരുതരമാണെന്ന് റിപ്പോർട്ട്. മഹോബ, കുൽപഹാദ് റെയിൽവേ സ്റ്റേഷനുകൾക്കു സമീപമുള്ള സുപ ഗ്രാമത്തിലായിരുന്നു അപകടം.

അവസാനത്തെ എട്ടു ബോഗികളാണ് പാളം തെറ്റിയത്. പരിക്കേറ്റവരെ മഹോബയിലെ സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ചയായിരുന്നു സംഭവം.

സംഭവത്തെക്കുറിച്ച് റെയിൽവേ മന്ത്രാലയം അന്വേഷണത്തിന് ഉത്തരവിട്ടു. സംഭവത്തിനു പിന്നിൽ അട്ടിമറി സാധ്യതയുണ്ടോയെന്ന് സ്ഥലത്തെത്തിയ ഉന്നത റയിൽവേ സംഘം പരിശോധിക്കും. ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും നിസാര പരിക്കേറ്റവർക്ക് 25000 രൂപയും റെയിൽവേ മന്ത്രാലയം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.



# മണിപ്പൂർ സമരനായിക ഇറോം ശർമിള മടങ്ങി



*പാലക്കാട്:* രണ്ടാഴ്ചത്തെ വിശ്രമത്തിനായി കേരളത്തിലെത്തിയ മണിപ്പൂർ സമരനായിക ഇറോം ശർമിള മടങ്ങി.

കേരളത്തിൽ തനിക്ക് ലഭിച്ചത് ഊഷ്മള സ്വീകരണമാണെന്നും കേരളത്തിലെ ജനങ്ങൾ തന്നെ ഇത്രയധികം സ്നേഹിക്കുന്നുണ്ടെന്നു അറിഞ്ഞതിൽ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു. ഒരുമാസത്തെ വിശ്രമ ജീവിതത്തിനാണ് അട്ടപ്പാടിയിലെ ശാന്തി ഇൻഫർമേഷൻ ആൻഡ് മെഡിക്കൽ സെന്ററിൽ എത്തിയത്. സുഹൃത്തായ നജീമ ബീബിക്ക് സ്വദേശത്തേക്ക് പെട്ടെന്ന് തിരിച്ചുപോകേണ്ടിവന്നതിനാലാണ് വിശ്രമകാലം ചുരുക്കി തിരിച്ചുപോയത്. കേരളത്തിലേക്ക് അധികം വൈകാതെ വരുമെന്നും അവർ പറഞ്ഞു. ബഷീർ മാടാല, സാമൂഹിക പ്രവർത്തക ഉമാപ്രേമൻ എന്നിവർ ചേർന്നാണ് അവരെ യാത്രയാക്കിയത്.



*ഗതാഗതക്കുരുക്കഴിയുന്നു....* എൻ.സി.പിയുടെ പുതിയ മന്ത്രിയായി തോമസ് ചാണ്ടി അധികാരമേൽക്കുന്ന സാഹചര്യമൊരുങ്ങുന്നു. ഫോൺ വിവാദത്തെ തുടർന്ന് രാജിവച്ച എ.കെ.ശശീന്ദ്രൻ, ഉഴവൂർ വിജയൻ, തോമസ് ചാണ്ടി എന്നിവരോടൊപ്പം.

# മന്ത്രി ശശീന്ദ്രന്റെ രാജി അന്വേഷണം മുൻ ജില്ലാ ജഡ്ജി



*തിരുവനന്തപുരം:* മന്ത്രി ശശീന്ദ്രന്റെ രാജിയിലേക്ക് നയിച്ച ഫോൺ സംഭാഷണത്തിന്റെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി മുൻ ജില്ലാ ജഡ്ജി പി.എസ്. ആന്റണിയെ ജുഡീഷൽ കമ്മീഷനായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

സംപ്രേഷണം ചെയ്ത സംഭാഷണം ഏതു സാഹചര്യത്തിൽ ഉണ്ടായി, റിക്കാർഡ് ചെയ്ത സംഭാഷണം പിന്നീട് ദുരുപയോഗപരമായി എഡിറ്റു ചെയ്തുവോ, അതിൽ കൃത്രിമം കാണിക്കുകയോ ചെയ്തിട്ടുണ്ടോ തുടങ്ങിയ വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ വരുന്നത്.

ഇക്കാര്യത്തിൽ ബ്ലാക് മെയിലിംഗോ മറ്റോ നടന്നതായി ജുഡീഷ്യൽ അന്വേഷണത്തിൽ കണ്ടെത്തിയാൽ പൊലീസോ ക്രൈംബ്രാഞ്ചോ മറ്റ് ഏജൻസികളോ അന്വേഷണം നടത്തി പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

# എ.കെ.ശശീന്ദ്രനെ കുടുക്കിയ സ്വകാര്യ ചാനൽ മേധാവിയടക്കം 9 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു

*തിരുവനന്തപുരം:* മുൻ മന്ത്രി എ.കെ.ശശീന്ദ്രനെ കുടുക്കിയ ഫോൺ വിളി വിവാദം പുറത്തുവിട്ട സ്വകാര്യ ചാനൽ മേധാവി അടക്കം ഒമ്പതു പേർക്കെതിരെ പ്രത്യേക പോലീസ് സംഘം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ചാനൽ സി.ഇ.ഒ അജിത്ത് കുമാർ അടക്കമുള്ളവർക്കെതിരെയാണ് കേസ്. ജാമ്യമില്ലാ വകുപ്പുപ്രകാരമാണ് കേസെടുത്തിരിക്കുന്നത്. ഐ.ടി.നിയമം, ഗൂഢാലോചന, ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുരുപയോഗം എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസ്. ഐ.ജി.ദിനേന്ദ്ര കശ്യപിന്റെ മേൽനോട്ടത്തിലാണ് അന്വേഷണം നടക്കുക. ഹൈടെക് സെൽ ഡി.വൈ.എസ്.പി ബിജു മേനോനാണ് അന്വേഷണ ചുമതല. കോട്ടയം, പാലക്കാട് ജില്ലാ പോലീസ് മേധാവികളെയും അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശശീന്ദ്രനോടൊപ്പം ചേർത്ത് തന്റെ ഫോട്ടോ ചാനൽ അധികൃതർ തെറ്റായ രീതിയിൽ പ്രചരിപ്പിച്ചെന്ന് പരപ്പനങ്ങാടിയിലെ 19കാരി നൽകിയ പരാതിയിൽ പോലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്. സാമൂഹിക മാധ്യമങ്ങളിൽ വന്ന മുഴുവൻ പോസ്റ്റുകളും പോലീസ് പരിശോധിച്ചു തുടങ്ങി.

# റോയൽറ്റി ആവശ്യപ്പെട്ട ഇളയരാജയുടെ നടപടികൾക്കെതിരെ മാക്ട ഫെഡറേഷൻ



*കൊച്ചി:* സംഗീതം നിർവ്വഹിച്ച ഗാനങ്ങൾക്ക് റോയൽറ്റി ആവശ്യപ്പെട്ട ഇളയരാജയുടെ നടപടിക്കെതിരെ മാക്ട ഫെഡറേഷൻ ചലച്ചിത്ര ഗാനങ്ങൾ സംഗീത സംവിധായകന്റെ സ്വന്തമല്ലെന്നും മുതൽമുടക്കുന്ന നിർമ്മാതാവിനും ചിത്രത്തിന്റെ സംവിധായകനും പാട്ടിന്മേൽ അവകാശമുണ്ടെന്നും മാക്ട ഫെഡറേഷൻ വ്യക്തമാക്കി.

ചലച്ചിത്രത്തിൽ എത്ര ഗാനങ്ങൾ, സാഹചര്യം, ഗാനം എങ്ങനെ ചിത്രീകരണം, ഗായകർ, ഗാനരചയിതാവ്, സംഗീത സംവിധായകർ തുടങ്ങിയ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് സംവിധായകനാണ്. ചിത്രത്തിനും അതിലെ ഗാനങ്ങൾക്കും മുതൽമുടക്കുന്നത് നിർമ്മാതാവുമാണ്.

ഇളയരാജക്കെതിരെ പ്രതികരിക്കാതിരുന്ന നിർമ്മാതാക്കളുടെയും അവരുടെ സംഘടനയുടെയും നടപടികൾ ലജ്ജാകരമായിപ്പോയി. കേസുമായി മുന്നോട്ടു പോയാൽ അതിനെതിരെ ശക്തമായ നിലപാടെടുക്കുമെന്ന് മാക്ട ഫെഡറേഷൻ യോഗം തീരുമാനിച്ചു.

# 32 വർഷത്തെ സർവ്വീസിൽ നിന്നും ഷീലാ തോമസ് വിരമിച്ചു



*കോട്ടയം:* 32 വർഷത്തെ സിവിൽ സർവീസിൽനിന്നും ഷീലാ തോമസ് വിരമിച്ചു.

പൊതുഭരണ അഡീഷണൽ ചീഫ് സെക്രട്ടറി പദവിയിൽനിന്നാണ് ഷീലാ തോമസ് വിരമിക്കുന്നത്. 1985 ഐ.എ.എസ് ബാച്ചുകാരിയായ ഷീലാ തോമസ് ചെങ്ങന്നൂർ സബ് കളക്ടറായിട്ടാണ് സർവ്വീസിൽ പ്രവേശിച്ചത്. 1993 -95 കാലയളവിൽ കോട്ടയം ജില്ലാ കളക്ടറായിരുന്നു.

സാമൂഹിക ക്ഷേമ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, സഹകരണവകുപ്പ് രജിസ്ട്രാർ, സെൻസസ് ഡയറക്ടർ, ട്രാൻസ്പോർട്ട് സെക്രട്ടറി, റബർ ബോർഡ് ചെയർമാൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിരുന്നു.

വി.എസ്അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. റബർ മേഖലയിലെ പ്രവർത്തന മികവിനുള്ള അംഗീകാരമായി അന്താരാഷ്ട്ര റബർ ഉല്പാദന രാജ്യങ്ങളുടെ സംഘടനയുടെ സെക്രട്ടറി ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ ജേക്കബിന്റെ ഭാര്യയാണ് ഷീലാ തോമസ്. ദീപു, പരേതനായ റെഞ്ചു എന്നിവരാണ് മക്കൾ.

# എസ്.ബി.ടി എസ്.ബി.ഐയിൽ ലയിക്കും




*കൊച്ചി:* സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിക്കും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ആയിരത്തിലേറെ ശാഖകൾ ഇനി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന വിലാസത്തിലായിരിക്കും അറിയപ്പെടുന്നത്.

14,892 എസ്.ബി.ടി ജീവനക്കാർ നാളെ മുതൽ എസ്.ബി.ഐ ജീവനക്കാരായി മാറും. ഡേറ്റാ സംയോജനം 21, 22 തീയതികളിൽ നടക്കും. എസ്.ബി.ടിയുടെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസ് എസ്.ബി.ഐയുടെ പ്രാദേശിക ഓഫീസായി മാറും. മാനേജിംഗ് ഡയറക്ടർ, എട്ടു ജനറൽ മാനേജർമാർ, 36 ഡപ്യൂട്ടി ജനറൽ മാനേജർമാർ എന്നിവർ പുതിയ തസ്തികകളിലേക്കു നിയമിക്കപ്പെടും.

അക്കൗണ്ട് നമ്പറുകൾക്ക് തല്ക്കാലം മാറ്റമുണ്ടാവില്ല. നിലവിലുള്ള ചെക്ക് ബുക്, എ.ടി.എം. ഡെബിറ്റ് കാർഡുകൾ പുതിയവ ലഭിക്കുന്നതുവരെ തുടർന്നും ഉപയോഗിക്കാം.

ലയനത്തോടെ ലോകത്തിലെ ഏറ്റവും വലിയ അമ്പതു ബാങ്കുകളിൽ ഒന്നായി എസ്ബിഐ മാറും.

For Advertisement
Tel: 267-991-2111
CONTACT US

# ഇരുകാലുകളും നഷ്ടപ്പെട്ട മറൈൻ വിമുക്ത ഭടൻ പൊലീസ് ഓഫീസർ



*ന്യൂയോർക്ക്:* രാജ്യസേവനത്തിനിടെ സ്ഫോടനത്തിൽ ഇരുകാലുകളും നഷ്ടപ്പെട്ട മറൈൻ വിമുക്ത ഭടനായ മാറ്റിയസ് ഫെറ്റേ (28) ന്യൂയോർക്ക് സ്ഫോൾക്ക് കൗണ്ടിയിൽ മുഴുവൻ സമയ പൊലീസ് ഓഫീസറായി ഉദ്യോഗത്തിൽ പ്രവേശിച്ചു. അമേരിക്കയിൽ ഇരുകാലുകളും നഷ്ടപ്പെട്ട് പൊലീസ് ഓഫീസറായി ചുമതലയേൽക്കുന്ന ആദ്യയാളാണ് മാറ്റിയാസ്.

ഉറുഗ്വേയിൽനിന്നും ചെറുപ്പത്തിൽ അമേരിക്കയിലെത്തിയ മാറ്റിയാസ് വിദ്യാഭ്യാസം പൂർത്തിയാക്കി മറൈൻ ഉദ്യോഗം സ്വീകരിക്കുകയായിരുന്നു. 2011ൽ അഫ്ഗാനിസ്ഥാനിലുണ്ടായ സ്ഫോടനത്തിലാണ് ഇരുകാലുകളും നഷ്ടപ്പെട്ടത്. ആറുമാസം നീണ്ടുനിന്ന പൊലീസ് ട്രെയിനിംഗിൽ മറ്റുള്ളവരോടൊപ്പം പരിശീലനം നടത്തിയതിനുശേഷം പൊലീസ് പരീക്ഷയിൽ നൂറുശതമാനം മാർക്ക് വാങ്ങിയാണ് വിജയിച്ചത്. കൃത്രിമ കാലുകൾ ഘടിപ്പിച്ചു സാധാരണക്കാരെപ്പോലെ പ്രവർത്തിക്കാനാകുമെന്നാണ് മാറ്റിയാസിന്റെ വിശ്വാസം. സഫോൾക്ക് കൗണ്ടിയിലെ പൗരന്മാർക്കു വേണ്ട സംരക്ഷണം നൽകുന്നതിൽ മാറ്റിയാസിന് പ്രധാന പങ്കുവഹിക്കാനാകുമെന്നാണ് കൗണ്ടി പൊലീസ് കമ്മീഷണർ തിമോത്തി സിനി അഭിപ്രായപ്പെട്ടത്.

## ഇന്ത്യോ അമേരിക്കൻ പ്രസ് ക്ലബ് ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു

*ന്യൂയോർക്ക്:* അമേരിക്കയിലെ ഇന്ത്യൻ മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്തോ അമേരിക്കൻ പ്രസ് ക്ലബിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു.

ഡോ.ബാബു സ്റ്റീഫൻ (ചെയർമാൻ), വിനീത നായർ (ഡയറക്ടർ ബോർഡ് വൈസ് ചെയർപേഴ്സൺ), ഡോ. മാത്യു ജോയിസ് (ഡയറക്ടർ ബോർഡ് സെക്രട്ടറി), ജിൻസ് മോൻ പി.സക്കറിയ (കോർഡിനേറ്റർ) എന്നിവരേയും ഡയറക്ടർ ബോർഡ് അംഗങ്ങളായി സുനിൽ ജോസഫ് കുഴമ്പല, ഡോ.അജയ്ഘോഷ്, പോൾ ഡി. പനയ്ക്കൽ, ഷാജി രാമപുരം, ജോർജ് കൊട്ടാരത്തിൽ, ബാബു ജേസുദാസ്, ഡോ.പി.വി. ബൈജു, ജോജി കാവനാൽ, സിറിയക് സ്കറിയ എന്നിവരേയും തെരഞ്ഞെടുത്തു.

## വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഈസ്റ്റർ വിഷു മേയ് 7ന്

*ന്യൂയോർക്ക്:* വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഈസ്റ്റർ വിഷു ആഘോഷങ്ങൾ മേയ് 7ന് ന്യൂയോർക്കിലെ സെന്റ് മാർക്സ് എപ്പിസ്കോപ്പൽ ഓഡിറ്റോറിയത്തിൽ വൈകുന്നേരം 5ന് നടക്കും.

ആഘോഷങ്ങളോടനുബന്ധിച്ച് ഡോ.ജോർജ് കോശി ഈസ്റ്റർ സന്ദേശവും ഡോ. നിഷാ പിള്ള വിഷുസന്ദേശവും നൽകും. തുടർന്ന് വിവിധ പരിപാടികൾ അരങ്ങേറും.

അസോസിയേഷൻ പ്രസിഡന്റ് ടെറൻസൺ തോമസ്, വൈസ് പ്രസിഡന്റ് ഷൈനി സാജൻ, ജോയിന്റ് സെക്രട്ടറി ലിജോ ജോൺ, ട്രഷറർ ബിബിൻ ദിവാകരൻ, പ്രോഗ്രാം കോർഡിനേറ്റർ ശ്രീകുമാർ ഉണ്ണിത്താൻ, ബോർഡ് ഓഫ് ട്രസ്റ്റി ഡോ.ഫിലിപ്പ് ജോർജ്, ജോൺ സി. വർഗീസ്, രാജൻ ജേക്കബ്, ചാക്കോ പി.ജോർജ്, എം.വി.കുര്യൻ, കമ്മറ്റി അംഗങ്ങളായ തോമസ് കോശി, ജോയ് ഇട്ടൻ, കൊച്ചുമ്മൻ ടി. ജേക്കബ്, ഗണേഷ് നായർ, സുരേന്ദ്രൻ നായർ, ജനാർദ്ദനൻ, ജോൺ തോമസ്, ജോൺ കെ.മാത്യു, കെ.ജെ.ഗ്രിഗറി, ജോ.മാത്യൂസ്, എം.വി. ചാക്കോ, രാജ് തോമസ്, എ.വി.വർഗീസ്, ഇട്ടൂപ്പ് ദേവസി, രാധാമണി നായർ എന്നിവരാണ് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

കുടുംബസംഗമവും ഈസ്റ്റർ വിഷു ആഘോഷങ്ങളും വിജയപ്രദമാക്കുവാൻ വെസ്റ്റ് ചെസ്റ്റർ നിവാസികളായ എല്ലാ മലയാളികളേയും സ്വാഗതം ചെയ്യുന്നതായി സെക്രട്ടറി ആന്റോ വർക്കി അറിയിച്ചു.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഫൊക്കാന ന്യൂയോർക്ക് ചാപ്റ്റർ വനിത ഫോറം വനിതാ ദിനം ആഘോഷിച്ചു



*ന്യൂയോർക്ക്:* ഫൊക്കാന ന്യൂയോർക്ക് ചാപ്റ്റർ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാദിനം ആഘോഷിച്ചു.

റോക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ആനി പോൾ മുഖ്യ പ്രഭാഷണം നടത്തി. ഫൊക്കാന പ്രസിഡന്റ് തമ്പി ചാക്കോ വനിതാ ഫോറത്തിന്റെ കർമ്മ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ചാപ്റ്റർ പ്രസിഡന്റ് ശോശാമ്മ ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. നാസ്സു കൗണ്ടി കൺട്രോളർ ജോർജ് മാർഗോസിന്റെ സ്പെഷ്യൽ സർവീസിൽ ഉണ്ടായിരുന്ന ലില്ലിക്കുട്ടി ഇല്ലിക്കലിനെ ആദരിച്ചു. സ്ത്രീ ശാക്തീകരണത്തെ പ്പറ്റി ഡോ.ആനിപോൾ, തങ്കമണി അരവിന്ദ്, ഡോ.ഡോണ പിള്ള, ഡോ.എലിസബേത്ത് മാമ്മൻ, ഡോ.ലിസി ജോർജ് എന്നിവർ സംസാരിച്ചു. പ്രവാസി ചാനൽ മാനേജിംഗ് ഡയറക്ടർ സുനിൽ ട്രൈസ്റ്റാർ, ഇ മലയാളി മാനേജിംഗ് ഡയറക്ടർ ജോർജ് ജോസഫ്, കൈരളി ചാനലിന്റെ യു.എസ്. മാനേജിംഗ് ഡയറക്ടർ ജോസ് കാടാപുറം, കേരള സമാജം വൈസ് പ്രസിഡന്റ് വർഗീസ് പോത്താനിക്കാട്, ട്രസ്റ്റി ചെയർമാൻ ജോൺ പോൾ കറുകപ്പള്ളിൽ, അഡൈ്വസറി ചെയർമാൻ ടി.എസ്.ചാക്കോ, റീജണൽ പ്രസിഡന്റ് ശ്രീകുമാർ ഉണ്ണിത്താൻ, മുൻ സെക്രട്ടറി വിനോദ് കെയർ കെ, കമ്മറ്റി അംഗങ്ങളായ കെ.പി.ആൻഡ്രൂസ്, അലക്സ് തോമസ്, സജി മോൻ ആന്റണി, ഡബ്ല്യു എം.സി. ചെയർമാൻ തോമസ് മാറ്റക്കൽ, വൈസ് ചെയർമാൻ ജോൺ സക്കറിയ, ന്യൂജേഴ്സി പ്രസിഡന്റ് തങ്കമണി അരവിന്ദും കമ്മറ്റി അംഗങ്ങളും സംബന്ധിച്ചു. തുടർന്ന് വിവിധ പരിപാടികൾ അരങ്ങേറി.

വിമൻസ് ഫോറം ദേശിയ ചെയർപേഴ്സൺ ലീലാ മാരേട്ട്, വനിതാ ഫോറത്തിന്റെ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ശോശാമ്മ ആൻഡ്രൂസ്, വൈസ് പ്രസിഡന്റ് ലത പോൾ, സെക്രട്ടറി ജെസി ജോഷി, ട്രഷറർ ബാല കെ. ആർ.കെ, കമ്മറ്റി അംഗങ്ങളായ ലൈസി അലക്സ്, മറിയാമ്മ ചാക്കോ, ലീലാമ്മ അപ്പുക്കുട്ടൻ, മേരി ഫിലിപ്പ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കെ.എച്.എൻ.എ ഗ്ലോബൽ കൺവൻഷനു മുന്നോടിയായി ശുഭാരംഭ പരിപാടികൾ



*ഹൂസ്റ്റൺ:* ഡിട്രോയിറ്റിൽ ഒന്നു മുതൽ നാലു വരെ നടക്കുന്ന കെ.എച്.എൻ.എ ഗ്ലോബൽ കൺവൻഷന് മുന്നോടിയായി വിവിധ നഗരങ്ങളിൽ നടന്ന ശുഭാരംഭ പരിപാടികൾ അവസാന ഘട്ടത്തിലേക്ക് കടന്നു.

ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ നടന്ന ചടങ്ങ് പദ്മനാഭൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സുരേന്ദ്രൻ നായർ മുഖ്യാതിഥിയായിരുന്നു. കെ.എച്.എൻ.എ ഡാളസ് മുൻ പ്രസിഡന്റ് ഗോപാലപിള്ളക്കു ആദ്യ രജിസ്ട്രേഷൻ കൈമാറി. കൺവൻഷൻ സംഘടനയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കുമെന്ന് സുരേന്ദ്രൻനായർ പറഞ്ഞു.

നോർത്ത് അമേരിക്കയിലെ മുപ്പത്തിയഞ്ചോളം നഗരങ്ങളിലാണ് ഇത്തവണ ശുഭാരംഭം നടന്നത്.

ആത്മീയ രാഷ്ട്രീയ സാഹിത്യ സിനിമാ മേഖലകളിലെ പ്രശസ്ത വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.

## വാഹനമിടിച്ച് ഇന്ത്യൻ പൗരൻ മരിച്ചു

*വാഷിംഗ്ടൺ:* മദ്യപിച്ച ഡ്രൈവർ ഓടിച്ച വാഹനമിടിച്ച് ഇന്ത്യൻ പൗരൻ മരിച്ചു. അൻഷുൽ ശർമ എന്ന യുവാവാണ് കൊളംബസിൽ മരിച്ചത്. ഞായറാഴ്ചയായിരുന്നു അപകടം. അൻഷുലിന്റെ ഭാര്യ സമീര അപകടത്തിൽ ഗുരുതരമായി പരിക്കേറ്റു ചികിത്സയിലാണ്. ഇന്ത്യാനാപോളിസിലെ ആശുപത്രിയിലാണ് സമീരയെ പ്രവേശിപ്പിച്ചിരിക്കുന്നത്.

വഴിവക്കിലൂടെ ദമ്പതികൾ നടന്നുപോകവേ മദ്യപിച്ച ഡ്രൈവർ ഓടിച്ച കാർ ഇടിച്ചുകയറുകയായിരുന്നു. അൻഷുൽ സംഭവസ്ഥലത്തുതന്നെ മരിച്ചു. ഡ്രൈവറെ പൊലീസ് അറസ്റ്റു ചെയ്തു.

കൊളംബസിലെ ഡീസൽ എൻജിൻ നിർമാണ ഫാക്ടറിയിലാണ് അൻഷുൽ ജോലി നോക്കിയിരുന്നത്. മൃതദേഹം ഇന്ത്യയിലേക്കു കൊണ്ടുപോകുമെന്നാണ് അറിയുന്നത്.

## ചാരിറ്റി പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിക്കണമെന്ന് അമേരിക്കൻ ഹൗസ് മെമ്പർ



**പി.പി.ചെറിയാൻ**

*വാഷിംഗ്ടൺ:* പാവപ്പെട്ട കുട്ടികൾക്കുവേണ്ടി നടത്തിവന്നിരുന്ന ചാരിറ്റി പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കണമെന്ന് അമേരിക്കൻ ഹൗസ് മെമ്പേഴ്സ് ഇന്ത്യൻ ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിന് അയച്ച കത്തിൽ പറയുന്നു.

യു.എസ്.ഹൗസ് ഫോറിൻ അഫേഴ്സ് കമ്മിറ്റി ചെയർമാൻ എഡ്റോയ്ഡ്, റാങ്കിംഗ് മെമ്പർ എലിയറ്റ് എന്നിവർ തയ്യാറാക്കിയ നിവേദനത്തിൽ യു.എസ്. ഹൗസിലെ 107 മെമ്പർമാരാണ് ഒപ്പിട്ടിരിക്കുന്നത്.

ഇന്ത്യയിലെ 1,45000ത്തോളം വരുന്ന കുട്ടികൾക്ക് ക്രിറ്റിക്കൽ ട്യൂട്ടറിംഗ്, ന്യൂട്രീഷ്യൻ, മെഡിക്കൽ സർവീസസ് എന്നിവ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് കത്തയച്ചിരിക്കുന്നതെന്ന് അറിയുന്നു.

1968 മുതലാണ് ഇന്ത്യയിൽ ചാരിറ്റി പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ ഇന്ത്യൻ കൊമേഴ്സ്യൽ ബാങ്കുകളിലേക്ക് ലഭിക്കുന്ന വയർ ട്രാൻസ്ഫർ ഇനി മുതൽ മന്ത്രിസഭയുടെ അംഗീകാരമില്ലാതെയാണ് സ്വീകരിക്കുന്നതെന്ന് ബാങ്കുകൾക്ക് ലഭിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു കത്ത് അയയ്ക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് ചെയർമാൻ എഡ്റോയ്സ് പറഞ്ഞു.

അമേരിക്കൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കംപാഷൻ ഇന്റർനാഷണൽ കഴിഞ്ഞ 48 വർഷമായി നടത്തുന്ന സേവനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ മോദി സർക്കാർ തീരുമാനിച്ചിരുന്നു. നടപടി ഇന്ത്യയിലെ പതിനായിരക്കണക്കിന് പാവപ്പെട്ട കുട്ടികളുടെ ഭാവിയെ തകർക്കുമെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻ പ്രസിഡന്റ് ജോൺ പ്രഭദാസ് പറഞ്ഞു.

## മൊയ്തീൻ പുത്തൻചിറയുടെ മകൻ ഡെപ്യൂട്ടി ഷെരീഫ് ആയി ചുമതലയേറ്റു

*ന്യൂയോർക്ക്:* എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ മൊയ്തീൻ പുത്തൻചിറയുടെ മകൻ മനീഷ് മൊയ്തീൻ കോമൺവെൽത്ത് ഓഫ് മാസച്ച്യുസെറ്റ്സിലെ നോർഫോക് കൗണ്ടി ഡപ്യൂട്ടി ഷെരീഫ് ആയി നിയമനം ലഭിച്ചു. മാസച്ച്യുസെറ്റ്സിലെ സിറ്റി ഓഫ് വെയ്മത്ത് പൊലീസ് ഡിപ്പാർട്ടുമെന്റിൽ പൊലീസ് ഓഫീസറായി പ്രവർത്തിച്ചുവരികയായിരുന്നു.



മറൈൻ എൻജിനീയറിംഗിൽ ബിരുദമുള്ള മനീഷ് പത്തു വർഷത്തോളം യു.എസ്.കോസ്റ്റ് ഗാർഡിന്റെ മറൈൻ എൻജിനീയറിംഗ് വിഭാഗത്തിലും ഇമിഗ്രേഷൻ ആന്റ് കസ്റ്റംസ് എൻഫോഴ്സ്മെന്റിലും നാർക്കോട്ടിക് എൻഫോഴ്സ്മെന്റിലും സേവനം ചെയ്തിട്ടുണ്ട്. പോയിന്റ് അല്ലർടൻ, കേപ്പ് കോഡ്, സാന്റിയാഗോ, ഫ്ളോറിഡ എന്നീ തീരദേശ സ്റ്റേഷനുകളിൽ വിവിധ തസ്തികകൾ കൈകാര്യം ചെയ്തിട്ടുണ്ട്.

മെക്സിക്കോ, കൊളംബിയ, പനാമ എന്നിവിടങ്ങളിൽ കൗണ്ടർ നാർക്കോട്ടിക് ഓപ്പറേഷൻസിൽ പങ്കെടുത്തിട്ടുള്ള മീനഷ് ഒരു ഷാർപ്പ് ഷൂട്ടർ കൂടിയാണ്.

## ഓർത്തഡോക്സ് ഗോസ്പൽ കൺവൻഷൻ

*ഡാളസ്:* മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട ഡാളസ് ഫോർട്ട്വർത്ത് നഗരത്തിലെ വിവിധ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ നാലാമത് ഓർത്തഡോക്സ് ഗോസ്പെൽ കൺവൻഷൻ 2ന് സമാപിക്കും.

എല്ലാ ദിവസവും വൈകിട്ട് ആറു മുതൽ 9 വരെ ഡാളസ് ഗാർലന്റ് എം.ജി.എം. ഓഡിറ്റോറിയത്തിൽ നടക്കുന്ന കൺവൻഷനിൽ പ്രശസ്ത സുവിശേഷകർ വചന പ്രഘോഷകനും കൗൺസിലറും ബംഗ്ലൂരു തുംക്കൂർ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരിയുമായ ഫാ.ബിജോയ് സഖറിയ വചനശുശ്രൂഷ നടത്തും.

ഡാളസ് ഏരിയായിലെ ഓർത്തഡോക്സ് ഇടവകകളിൽ നിന്നുള്ള ഗായകസംഘം ഗാനങ്ങൾ ആലപിക്കും.

ഫാ.സി.ജി. തോമസ് നേതൃത്വം നൽകുന്ന ഗാർലന്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയാണ് കൺവൻഷന് ആതിഥേയത്വം വഹിക്കുന്നത്.

അന്വേഷണങ്ങൾക്ക് 469 499 6559, 972 429 9510

## ഡോക്ടേഴ്സ് ദമ്പതികൾ മാതൃകയായി



**പി.പി.ചെറിയാൻ**

*ഫ്ളോറിഡ:* ജന്മദിനം മറ്റുള്ളവരുടെ സേവനത്തിനായി മാറ്റിവയ്ക്കുവാൻ തയ്യാറായ ഇന്ത്യൻ വംശജരായ ഡോക്ടേഴ്സ് ദമ്പതികൾ മാതൃകയായി.

ഡോ.കിരൺപട്ടേലും ഡോ. പല്ലവി പട്ടേലും അഞ്ചു മില്യൻ ഡോളറാണ് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചത്.

ഫ്ളോറിഡ ഹോസ്പിറ്റലിന്റെ പ്രസിഡന്റും സി.ഇ.ഒയുമായ ഡോ.ജോൺസൺ സംഭാവന സ്വീകരിച്ചു. ഫ്ളോറിഡ ഹോസ്പിറ്റലിൽ നവീകരിക്കുന്ന എമർജൻസി ഡിപ്പാർട്ടുമെന്റിന് ഡോ. കിരൺ പട്ടേൽ എന്നാണ് നാമകരണം ചെയ്തത്. ജൂലൈയിൽ നിർമാണം പൂർത്തിയാകുമെന്ന് ജോൺസൻ പറഞ്ഞു.

## ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഏഴാമത് ദേശീയ സമ്മേളനം

*ഷിക്കാഗോ:* മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഏഴാമത് ദേശീയ സമ്മേളനം ആഗസ്റ്റ് 24 മുതൽ 26വരെ ഷിക്കാഗോ ഇറ്റാസ്കയിലുള്ള ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കും.

വടക്കേ അമേരിക്കയിലെ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ ആസ്പദമാക്കി മാധ്യമ പ്രവർത്തകർ നയിക്കുന്ന ചർച്ചകൾ, പ്രബന്ധാവതരണം, സെമിനാറുകൾ തുടങ്ങിയവയാണ് സമ്മേളനത്തിന്റെ സവിശേഷത. പ്രാദേശിക സംഘടനകൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ സമ്മേളനത്തിന്റെ മാറ്റു കൂട്ടും.

പ്രസ് ക്ലബിന്റെ ഏഴ് ചാപ്റ്ററുകളിൽ നിന്നുള്ള മാധ്യമപ്രവർത്തകർ, വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിലെ സാമൂഹിക സാംസ്കാരിക സംഘടനാ പ്രതിനിധികൾ, കേരളത്തിൽനിന്നുള്ള മാധ്യമരാഷ്ട്രീയ പ്രമുഖർ, സാഹിത്യപ്രവർത്തകർ എന്നിവർ പങ്കെടുക്കും.

ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്ക 2008ലാണ് രൂപം കൊണ്ടത്. സ്ഥാപക പ്രസിഡന്റായിരുന്ന ജോർജ് ജോസഫിന്റെ നേതൃത്വത്തിൽ ആദ്യത്തെ ദേശീയസമ്മേളനം 2006ൽ ന്യൂയോർക്കിൽ സംഘടിപ്പിച്ചു. പിന്നീട് പ്രസിഡന്റ് ജോസ് കണിയാലിയുടെ നേതൃത്വത്തിൽ 2008ലും 2009ലും ചിക്കാഗോയിലും ന്യൂജേഴ്സിയിലും ദേശീയസമ്മേളനങ്ങൾ നടത്തി. തുടർന്ന് പ്രസിഡന്റുമാരായ റെജി ജോർജ്, മാത്യു വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ 2011ലും 2013ലും ന്യൂജേഴ്സിയിൽ ദേശീയ സമ്മേളനം.

കേരളത്തിലെ മുഖ്യധാരാ മാധ്യമപ്രവർത്തകരും മന്ത്രിമാരായ മോൻസ് ജോസഫ്, ബിനോയ് വിശ്വം, ചീഫ് വിപ്പായിരുന്ന തോമസ് ഉണ്ണിയാടൻ, എം.പിമാരായ വി. ബാലഗോപാൽ, എം.ബി.രാജേഷ്, ജോസ് കെ.മാണി, എം.എൽ.എമാരായ ജോഷി അഗസ്റ്റിൻ, വി.ടി.ബൽറാം, വി.ഡി.സതീഷൻ, രാജു എബ്രഹാം, വീണാ ജോർജ് തുടങ്ങിയവരും വിവിധ ദേശീയസമ്മേളനങ്ങളിൽ പങ്കെടുക്കും.

2013ലെ ദേശീയ സമ്മേളനത്തിൽ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും പിണറായി വിജയനും ഇന്ത്യാ പ്രസ് ക്ലബിന്റെ മാധ്യമശ്രീ പുരസ്കാര ചടങ്ങിൽ ഒന്നിച്ചു പങ്കെടുത്ത് സമ്മേളനം അവിസ്മരണീയമാക്കിയവരാണ്.



എഡ്മന്റ് രാഗമാലിക മ്യൂസിക് സൊസൈറ്റിയുടെ സംഗീതപരിപാടിയുടെ ഉദ്ഘാടനം ശ്രുതി നായരുടെ ഹിന്ദുസ്ഥാനി കച്ചേരിയോടെ ആരംഭിച്ചു. വോയ്സ് ഓഫ് മുംബൈ, ഗന്ധർവ്വ സംഗീതം തുടങ്ങിയ പരിപാടികളിലൂടെ ശ്രദ്ധേയയായ ശ്രുതി യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ സംഗീതവിഭാഗത്തിലെ ഇന്ത്യൻ മ്യൂസിക് എൻസൈബിളിൽ അദ്ധ്യാപികയാണ്.

## ഇന്ത്യൻ പെർഫോമിംഗ് ആർട്സ് ഫെസ്റ്റിവൽ 2017 ഒരുക്കങ്ങൾ പുരോഗമിക്കുന്നു

*ന്യൂജേഴ്സി:* കലാസാംസ്കാരിക സംഘടനയായ ഇന്ത്യൻ പെർഫോമിംഗ് ആർട്സ് ഫെസ്റ്റിവൽ 2017ന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി സംഘാടകർ അറിയിച്ചു.

യു.എസ്.സിലെ സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന ഇന്ത്യൻ കലാപ്രതിഭകളെ കണ്ടുപിടിച്ച് നൈസർഗികമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി വേദികൾ നൽകുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഇന്റർനാഷണൽ ഫൈൻ ആർട്സ് ഫെസ്റ്റിവലിന്റെ ആദ്യ സംരംഭമാണ് ന്യൂജേഴ്സിയിൽ അരങ്ങേറുന്നത്.

ഏപ്രിൽ 1ന് 3 മുതൽ ന്യൂജേഴ്സി വെസ്റ്റ് ഓറഞ്ച് ഹൈസ്കൂളിൽ നടത്തുന്ന ഡാൻസ് ഫെസ്റ്റിവലിൽ ന്യൂജേഴ്സിയിലും പരിസരപ്രദേശങ്ങളിലുമുള്ള ഇരുപതിൽപരം സ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് പങ്കെടുക്കുന്നത്.

ബോളിവുഡിലെ പ്രശസ്തരായ കലാകാരന്മാരായ സലിം മർച്ചന്റ്, സുലൈമാൻ മർച്ചന്റ് എന്നിവർ മത്സരം കാണുവാനായി എത്തും. അഞ്ജലി, സ്വപ്ന എന്നീ നൃത്താദ്ധ്യാപകരാണ് വിധികർത്താക്കൾ. ന്യൂജേഴ്സിക്കുശേഷം സെപ്റ്റംബറിൽ ഫിലാഡൽഫിയയിലും തുടർന്ന് എല്ലാ സംസ്ഥാനങ്ങളിലുമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി വേദികൾ ഒരുക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

ഓരോ സംസ്ഥാനങ്ങളിൽ നിന്നും വിജയിക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയ തലത്തിൽ മത്സരം സംഘടിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് ഇന്റർനാഷണൽ ഫൈൻ ആർട്സ് ഫെസ്റ്റിവലിനുള്ളത്. പ്രകാശ് തോമസ്, ഷൈജു ചെറിയാൻ, റെജി ജോർജ് എന്നിവരാണ് ഇതിന് നേതൃത്വം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് പ്രകാശ് തോമസ് 908 721 7190, ഷൈജു ചെറിയാൻ 732 768 5677

## ഇംഗ്ലീഷ് മാസി ദേശി ലൈഫ് ആന്റ് ടൈംസ് ഏപ്രിൽ മുതൽ പ്രസിദ്ധീകരിക്കുന്നു

**സുനിൽ ട്രൈസ്റ്റാർ**

*ന്യൂയോർക്ക്:* പ്രമുഖ മലയാളം പോർട്ടൽ ഇ.മലയാളി.കോം, ഇംഗ്ലീഷ് പോർട്ടൽ ഡി.എൽ.എ ടൈംസ്.കോം എന്നിവയുടെ പ്രസാധകരായ ലെഗസി മീഡിയ പ്രതിമാസ ഇംഗ്ലീഷ് മാസികയായ ദേശി ലൈഫ് ആന്റ് ടൈംസ് ഏപ്രിൽ മുതൽ പ്രസിദ്ധീകരണമാരംഭിക്കുന്നു.

ജനസ്വാതന്ത്ര്യത്തെ ഹനിക്കുന്ന നീക്കങ്ങൾ, ഫാസിസ്റ്റ് ചിന്താധാരകൾ, പിന്തിരിപ്പൻ ആശയങ്ങൾ എന്നിവയ്ക്കൊക്കെ എതിരായാണ് പ്രസിദ്ധീകരണം.

ഓൺലൈനോടൊപ്പം പ്രിന്റ് മീഡിയയിലും ലഭിക്കും.

## മോഡറേറ്റർ തോമസ് കെ. ഉമ്മന് സ്വീകരണം



*ഷിക്കാഗോ:* ദക്ഷിണേന്ത്യാ സഭയുടെ പരമാദ്ധ്യക്ഷൻ മോഡറേറ്റർ മോസ്റ്റ് റവ. തോമസ് കെ. ഉമ്മന് ആദ്യമായി നോർത്ത് അമേരിക്കയിൽ സ്വീകരണം.

നോർത്ത് അമേരിക്കൻ സി.എസ്.ഐ കൗൺസിൽ റീജിയൻ 4ലെ തമിഴ്, തെലുങ്ക്, കന്നഡ, മലയാളം ഭാഷകളിലുള്ള എല്ലാ ദക്ഷിണേന്ത്യാ സഭാംഗങ്ങളും സ്വീകരണത്തിൽ പങ്കെടുക്കും.

ഏപ്രിൽ ഒന്ന് ശനിയാഴ്ച ഷിക്കാഗോയിൽ എത്തിച്ചേരുന്ന തിരുമേനിയെ സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് പള്ളിയങ്കണത്തിൽ വിശ്വാസി സമൂഹം പ്രാർത്ഥനയോടെ സ്വീകരിക്കും.

സഭയിലേക്ക് പൂർണ്ണ അംഗത്വത്തോടെ ചേർക്കപ്പെടുന്ന എട്ടു യുവജനങ്ങൾക്കായി സി.എസ്.ഐ.ക്രൈസ്റ്റ് ചർച്ചിൽ വെച്ച് നടത്തപ്പെടുന്ന സ്വീകരണ ശുശ്രൂഷയിൽ തിരുമേനി മുഖ്യകാർമികത്വം വഹിക്കും. വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയ്ക്കുശേഷം നടക്കുന്ന സ്വീകരണയോഗത്തിൽ സി.എസ്.ഐ സഭയുടെ വിവിധ കോൺഗ്രിഗേഷനിൽ നിന്നും, സഭയുടെ സഹോദരി സഭകളിൽനിന്നും എക്യുമെനിക്കൽ കൗൺസിൽ ഓഫ് ഷിക്കാഗോയിലെ അംഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ അനുമോദനത്തിൽ പങ്കെടുക്കും.

റവ.തോമസ് കെ. ഉമ്മൻ തിരുമേനിയുടെ ഷിക്കാഗോയിലെ പരിപാടിയുടെ കൂടുതൽ വിവരങ്ങൾക്ക്. റവ.ജോൺ മത്തായി 224 386 4830, സാം തോമസ് 630 935 7355

## കേരള ക്ലബ് പയനീഴ്സ് സ്നേഹസംഗമം




*ഡിട്രോയിറ്റ്:* സാംസ്കാരിക സംഘടനയായ കേരള ക്ലബ് പയനീഴ്സ് മുൻകാല പ്രവർത്തകരെ അനുമോദിച്ചു. സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന സംഗീതസാന്ദ്രമായ സ്നേഹ സംഗമത്തിൽ നിരവധിപേർ പങ്കെടുത്തു.

ജയിൻ മാത്യൂസ് കണ്ണച്ചാൻ പറമ്പിൽ, സുജിത് മേനോൻ, ധന്യ മേനോൻ, ലിബിൻ ജോൺ, അജയ് അലക്സ്, ബൈജു പണിക്കർ, തോമസ്, ബിനോയ് ഏലിയാസ് എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളും നേതൃത്വം നൽകി. കമ്യൂണിറ്റ് ഡേ മേയ് 20ന് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

## മലയാളം സ്കൂളിന്റെ 25–ാം വാർഷികം



*ഷിക്കാഗോ:* സീറോ മലബാർ കത്തീഡ്രൽ മലയാളം സ്കൂളിന്റെ ഇരുപത്തിയഞ്ചാം വാർഷികം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

2017 ഏപ്രിൽ ഒന്നിന് വൈകിട്ട് അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിലാണ് ആഘോഷം.

മാതൃഭാഷയുടെ ആവശ്യകത നഷ്ടപ്പെട്ടുകൂടാ എന്നു മനസ്സിലാക്കി 1992ൽ ഫാ.മാത്യു പന്തലാനി, പാരീഷ് കൗൺസിൽ അംഗങ്ങളും തുടക്കമിട്ട മലയാളം സ്കൂളിലേക്ക് വികാരി ഫാ.അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, സ്കൂൾ പ്രിൻസിപ്പൽ റോയ് വരകിൽ പറമ്പിൽ, സ്കൂൾ അദ്ധ്യാപകർ എന്നിവർ ക്ഷണിക്കുന്നു.

## കോട്ടയം അസോസിയേഷൻ ചാരിറ്റിയുടെ ഭാഗമായി ദീലിപ് ഷോ 2017




*ഫിലഡൽഫിയ:* കോട്ടയം അസോസിയേഷന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനായി അമേരിക്കൻ മലയാളികൾക്കായി ദീലിപ് ഷോ 2017 എന്ന പേരിൽ മെഗാ ഷോ സംഘടിപ്പിക്കുന്നു. മേയ് 29ന് വൈകിട്ട് 5ന് കൗൺസിൽ റോക്ക് ഓഡിറ്റോറിയത്തിലാണ് പരിപാടി.

മലയാള ചലച്ചിത്രവേദിയിലേയും സ്റ്റേജ് ഷോകളിലേയും പ്രശസ്തനായ നാദിർഷായുടെ നേതൃത്വത്തിൽ താരജോഡികളായ ദിലീപ് കാവ്യ കൂട്ടുകെട്ട് നയിക്കുന്ന ചലച്ചിത്രവേദിയിലെ വമ്പൻ താരനിര വേദിയിൽ അരങ്ങു തകർക്കും.

മെഗാഷോയിൽ നിന്നും ലഭിക്കുന്ന തുകയും അമേരിക്കയിലും കേരളത്തിലുമായുള്ള ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുമെന്ന് പ്രസിഡന്റ് ബെന്നി കൊട്ടാരത്തിൽ പറഞ്ഞു. ഷോയുടെ വിജയത്തിനായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നതായി പ്രോഗ്രാം കോർഡിനേറ്റർ ജീമോൻ ജോർജ് പറഞ്ഞു.

ടിക്കറ്റുകൾ ഓൺലൈനിലൂടെയും പ്രമുഖ ഇന്ത്യൻ സ്റ്റോറുകളിലൂടെയും ലഭ്യമാണ്.

വിവരങ്ങൾക്ക്: 267 237 4119, 267 970 4267

# സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്കയ്ക്ക് പുതിയ ഭാരവാഹികൾ



*ന്യൂയോർക്ക്:* ന്യൂയോർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്രൈസ്തവ കൂട്ടായ്മയായ സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ വാർഷിക പൊതുയോഗം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

ജൂബിലി മെമ്മോറിയൽ സി.എസ്.ഐ. ദേവാലയത്തിൽ നടന്ന യോഗത്തിൽ പുതിയ ഭാരവാഹികളായ ഫാ. ജോൺ തോമസ് (പ്രസിഡന്റ്), പി.വി.വർഗീസ് (വൈസ് പ്രസിഡന്റ്), തോമസ് ജേക്കബ് (സെക്രട്ടറി), ഗീവർഗീസ് മാത്യൂസ് (ജോ.സെക്രട്ടറി), സുരേഷ് ജോണ്‌ഡ (ട്രഷറർ), തോമസ് വർഗീസ് (ജോ.ട്രഷറർ), തോമസ് വർഗീസ്, വർഗീസ് കുര്യൻ (പ്രോഗ്രാം കോർഡിനേറ്റേഴ്സ്), ജോർജ് തോമസ്, ജോൺ താമരവേലിൽ (പി.ആർ.ഒ), ജോളി ഏബ്രഹാം, ലിജു സാമുവൽ (ക്വയർ കോർഡിനേറ്റേഴ്സ്), റവ.റോബിൻ ഐപ്പ് മാത്യു, റിനു വർഗീസ് (യൂത്ത് ഫോറം)എന്നിവരെ തെരഞ്ഞെടുത്തു.

# ഫ്ളോറിഡ: കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡക്ക് പുതിയ നേതൃത്വം. പുതിയ ഭാരവാഹികൾ



*സൗത്ത് ഫ്ളോറിഡ:* കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡക്ക് പുതിയ നേതൃത്വം. പുതിയ ഭാരവാഹികളായി സന്തോഷ് നായർ (പ്രസിഡന്റ്), മോഹൻ നാരായണൻ (വൈസ് പ്രസിഡന്റ്), പ്രദീപ് ബി. പിള്ള (സെക്രട്ടറി), ശ്രീജേഷ് ശ്രീവാസവൻ (ട്രഷറർ) എന്നിവരേയും കമ്മറ്റി അംഗങ്ങളായി ലീന നായർ, രാജ്കുമാർ, സദാശിവൻ, സുരേഷ് നായർ, സഞ്ചു എബി ആനന്ദ് എന്നിവരേയും തെരഞ്ഞെടുത്തു.

സംഘടനയുടെ ഈ വർഷത്തെ പരിപാടികളായ വിഷു ഏപ്രിൽ 15നും രാമായണമാസാചരണം ജൂലൈ 23നും ഓണം ആഗസ്റ്റ് 19നും ശ്രീകൃഷ്ണജയന്തി സെപ്റ്റംബർ 16നും വിജയദശമി സെപ്റ്റംബർ 30നും സർവ്വൈശ്വര്യപൂജ ഡിസംബർ 30നും നടക്കുമെന്ന് പുതിയ കമ്മറ്റി അറിയിച്ചു.

# റീജണൽ കോൺഫറൻസ് സമാപിച്ചു



**ജീമോൻ റാന്നി**

*സൗത്ത് ഫ്ളോറിഡ:* റീജണിലെ ഒമ്പത് ഇടവകകളിലെ ഇടവക മിഷൻ, സേവികാസംഘം, യുവജനസഖ്യം എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന റീജണൽ കോൺഫറൻസ് സമാപിച്ചു.

ഹൂസ്റ്റൺ, ഡാളസ്, ഒക്‌ലഹോമ, ഓസ്റ്റിൻ, ലബക്ക്, കോളറാഡോ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെത്തിയ 550 പേർ പങ്കെടുത്ത കോൺഫറൻസ് പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

17ന് നടന്ന ഉദ്ഘാടനത്തിൽ കോൺഫറൻസ് പ്രസിഡന്റ് റവ.പി.സി. സജി അദ്ധ്യക്ഷത വഹിച്ചു. റീജൺ പ്രസിഡന്റുമാരായ റവ.ബിജു വർഗീസ് (ഇടവകമിഷൻ), റവ.ഷൈജു പി.ജോൺ (സേവികാസംഘം) റവ.പി.സി. സജി (യുവജനസഖ്യം) എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

റവ.മാത്യൂസ് ശാമുവൽ പ്രാരംഭപ്രാർത്ഥന നടത്തി. ജനറൽ കൺവീനർ ജേക്കബ് വർഗീസ്, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഫിലിപ്പ് തോമസ്, റജി വർഗീസ്, ജോളി ബാബു, സാം അലക്സ്, ബിജി ജോബി, അജു മാത്യു എന്നിവർ പ്രസംഗിച്ചു. കാഴ്ചയാലല്ല വിശ്വാസത്തിലത്രെ നടക്കുന്നത് എന്ന ചിന്തിവിഷയത്തെ ആസ്പദമാക്കി ഫാർമേഴ്സ് ബ്രാഞ്ച് അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റ് വേറിട്ട അനുഭവം പകർന്നു.

റവ.ജോൺസൺ ഉണ്ണിത്താൻ (ഹൂസ്റ്റൺ ഇമ്മാനുവൽ വികാരി), റവ.ഷൈജു പി.ജോൺ (വികാരി ഡാളസ് സെന്റ് പോൾസ്) എന്നിവ ചിന്താവിഷയത്തെ ആസ്പദമാക്കി മുഖ്യപ്രഭാഷണങ്ങൾ നടത്തി. റവ.മാത്യു ഫിലിപ്പ് വേദപുസ്തക പഠനത്തിന് നേതൃത്വം നൽകി. 18ന് റവ. പി.സി.സജി ക്ലാസു നയിച്ചു. പി.വി.ജോൺ മധ്യസ്ഥപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. റീജണിലെ മറ്റ് വൈദികരായ റവ.ഫിലിപ്പ് ഫിലിപ്പ്, റവ.തോമസ് കുര്യൻ, റവ.അലക്സ് കെ.ചാക്കോ, റവ.സ്റ്റാലിൻ തോമസ്, സീനിയർ വൈദികൻ റവ.വി.ടി.കോശി എന്നിവരുടെ സാന്നിദ്ധ്യം കോൺഫറൻസിനെ ധന്യമാക്കി. ട്രസിയ മാത്യു, ഹെബ്സിബാ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി പ്രത്യേക സെഷനും ഉണ്ടായിരുന്നു. ജോർജ് വർഗീസന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു.

# ഇന്ത്യൻ നേഴ്സസ് ന്യൂയോർക്ക് ചാപ്റ്റർ വിദ്യാഭ്യാസ സെമിനാർ



**ബിജു ജോൺ**

*ന്യൂയോർക്ക്:* ആതുര സേവനരംഗത്തും സാമൂഹ്യ പ്രവർത്തനരംഗത്തും അമേരിക്കൻ മലയാളി സമൂഹത്തിൽ പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ന്യൂയോർക്ക് ചാപ്റ്റർ വിദ്യാഭ്യാസ സെമിനാർ ഇന്ന്.

ന്യൂയോർക്ക് ഫ്ളോറൽ പാർക് നോർത്ത് ടൈസൺ അവന്യൂവിൽ നടക്കുന്ന സെമിനാറിൽ പ്രിയ മാത്യു ചിറയിൽ, ബ്ലെസി വർഗീസ് എന്നിവർ ക്ലാസെടുക്കും.

നേഴ്സസ് അസോസിയേഷൻ അംഗങ്ങൾക്ക് 20 ഡോളറും അംഗങ്ങളല്ലാത്തവർക്ക് 25 ഡോളറും വിദ്യാർത്ഥികൾക്ക് 15 ഡോളറും നഴ്സിംഗ് രംഗത്തുനിന്നു വിരമിച്ചവർക്ക് 15 ഡോളറുമാണ് റെജിസ്ട്രേഷൻ ഫീസ് എന്ന് പി.ആർ.ഒ. ലൈസി അലക്സ് അറിയിച്ചു.

അന്വേഷണങ്ങൾക്ക്: മേരി ഫിലിപ്പ് 347 254 9834, താരാ സാജൻ 347 401 4231, സിസിലി ജോയ് പഴംപള്ളിൽ 646 823 8428.

# സുവിശേഷ സേവികാസംഘം ഏകദിന സെമിനാർ ഇന്ന്

**അലൻ ജോൺ ചെന്നിത്തല**

*ഡിട്രോയിറ്റ്:* സുവിശേഷ സേവികാസംഘം നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ മിഡ്വെസ്റ്റ് റീജണൽ ഏകദിന സമ്മേളനം ഡിട്രോയിറ്റ് മാർത്തോമ ദേവാലയത്തിൽ ഇന്ന് നടക്കും. സുവിശേഷ സേവികാസംഘം പ്രസിഡന്റ് ഡോ.ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ സമ്മേളനം ഉദ്ഘാടനം ചെയ്യും. റവ.ഏബ്രഹാം സ്കറിയ, സൂസൻ ജി. ഫിലിപ്പ്, റവ. ജോജി ഉമ്മൻ ഫിലിപ്പ്, സാറാ വർഗ്ഗീസ് ഏബ്രഹാം എന്നിവർ നേതൃത്വം വഹിക്കും.



റാന്നി കുളമ്പാല കൂടത്തിനാലിൽ കുടുംബാംഗങ്ങളുടെ ആറാമത് സംഗമം ടെക്സാസിലെ പാലസ്റ്റീനിലുള്ള ലെയ്ക് വ്യൂ യുണൈറ്റഡ് മെതഡിസ്റ്റ് കോൺഫറൻസ് സെന്ററിൽ നടന്നു. എൺപതോളം പേർ പങ്കെടുത്തു.

# നിര്യാതരായി

## മത്തായി മാത്യു



*ഹൂസ്റ്റൺ:* ദീർഘനാളുകളായി ഹൂസ്റ്റണിൽ സ്ഥിരതാമസമാക്കിയ തിരുവല്ല കാവുംഭാഗം കുന്നച്ചപണിക്കർ വീട്ടിൽ മത്തായി മാത്യു (71) മാർച്ച് 27ന് നിര്യാതനായി. ഭാര്യ സാറാമ്മ മാത്യു പെരുമ്പാവൂർ വെങ്കോല മല്യത്ത് കുടുംബാംഗമാണ്.

മക്കൾ: ബിന്ദു ഐസക് (ഓസ്റ്റിൻ), റോയി മാത്യു (ഹൂസ്റ്റൺ). മരുമകൻ: ടോണി ഐസക് (ഓസ്റ്റിൻ), കൊച്ചുമക്കൾ: അയൻ, അലീന. സഹോദരങ്ങൾ: അമ്മിണി (പരേത), കുഞ്ഞുമോൾ ജോ യിക്കുട്ടി (ഹൂസ്റ്റൺ), ലീല ബാബു (ഹൂസ്റ്റൺ).

സംസ്കാര ശുശ്രൂഷകൾ ഇന്ന് രാവിലെ 8.30ന് ട്രിനിറ്റി മാർത്തോമ ദേവാലയത്തിൽ. ശുശ്രൂഷകൾക്കുശേഷം സൗത്ത് പാർക്ക് സെമിത്തേരിയിൽ സംസ്കാരം.

ജീമോൻ റാന്നി അറിയിച്ചത്.

## സാറാമ്മ



*ഫ്ളോറിഡ:* നവ കേരള കമ്മിറ്റി മെമ്പറും സാമൂഹ്യ സാംസ്കരിക പ്രവർത്തകനുമായ ഏലിയാസ് പനങ്കയിലിന്റെ മാതാവും കുന്നന്താനം പനങ്കയിൽ പരേതനായ തങ്കച്ചന്റെ ഭാര്യയുമായ സാറാമ്മ (94) നിര്യാതയായി. സംസ്കാരം മാർച്ച് 31 വെള്ളിയാഴ്ച കുന്നന്താനം സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു.

മക്കൾ: തമ്പി (അബുദബി), ലീലാമ്മ, ശാന്തമ്മ, റോസമ്മ. മരുമക്കൾ; സാറാമ്മ (ഫ്ളോറിഡ), ജോളി, ബേബിച്ചൻ ആനിക്കാട്, അനിയൻകുഞ്ഞ്, തങ്കച്ചൻ മുണ്ടുകുഴി.

വാർത്ത നൽകിയത് പി.പി. ചെറിയാൻ

## കെ.കെ.വറുഗീസ്



*ന്യൂയോർക്ക്:* ഫ്ളോറിഡ പെംബ്രൂക്ക് നിവാസിയും ഹോളിവുഡ് ഓർത്തഡോക്സ് ഇടവകാംഗവുമായ കുര്യൻ വർഗീസിന്റെ പിതാവ് കെ.കെ.വറുഗീസ് (കുട്ടപ്പൻ 90) മാർച്ച് 27ന് സൗത്ത് പാമ്പാടിയിൽ നിര്യാതനായി. മണർകാട് ഈരാച്ചേരിയിൽ കുടുംബാംഗവുമായ ഏലിയാമ്മ (തങ്കമ്മ) ആണ് ഭാര്യ. ശുശ്രൂഷുകളും സംസ്കാരവും തെക്കൻ പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ മാർച്ച് 27ന് നടന്നു.

മക്കൾ ജോയ്സ്, കുര്യൻ (ബിജു. യു.എസ്.എ), തോമസ് (സൗദി അറേബ്യ), മരുമക്കൾ: പൊന്നമ്മ, മിനി. കൊച്ചുമക്കൾ: ഫിൽ, ഹെലൻ, ജോർജി, ജോബിൻ, ജോയൽ, ക്രിസ്റ്റി

അനുശോചനത്തിന്: 0481 250 4144, 754 802 6622 (യു.എസ്.എ). വാർത്ത നൽകിയത് മാത്യു മൂലേച്ചേരിൽ

## ഫിലിപ്പ് ടി. കാലായുടെ നിര്യാണത്തിൽ അനുശോചിച്ചു



*ഷിക്കാഗോ:* ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാപക നേതാവും പ്രസിഡന്റുമായ ഫിലിപ്പ് ടി. കാലായുടെ നിര്യാണത്തിൽ കാനാ അനുശോചനം രേഖപ്പെടുത്തി. മാർച്ച് 26ന് ഷിക്കാഗോയിൽ ചേർന്ന അനുസ്മരണ യോഗത്തിൽ സെക്രട്ടറി ലൂക്കോസ് പാറേട്ട് അനുശോചനപ്രമേയം അവതരിപ്പിച്ചു.




# ചങ്ങനാശ്ശേരി എസ്. ബി ആന്റ് അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഷിക്കാഗോ ചാപ്റ്റർ അനുമോദനം



*ഷിക്കാഗോ:* ഷിക്കാഗോ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി എസ്. ബി ആന്റ് അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഷിക്കാഗോ ചാപ്റ്റർ അംഗങ്ങളുടെ മക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ള 2016ലെ വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരം ജോബിൻ കൊല്ലാപുരവും ടെറിൽ വള്ളിക്കളവും പങ്കിട്ടു.

മാർച്ച് 19ന് വൈകിട്ട് മൗണ്ട് പ്രോസ്പെക്ടസിനുള്ള ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടന്ന കുടുംബ സംഗമത്തിലാണ് അവാർഡ് വിതരണം നടന്നത്.

ഹൈസ്കൂൾ തലത്തിൽ പഠനത്തിൽ മികവ് പുലർത്തുന്ന സംഘടനാംഗങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമാണിത്. പുരസ്കാര നിർണ്ണയത്തിനുള്ള സംഘടനാംഗങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമാണിത്. പുരസ്കാര നിർണ്ണയത്തിനുള്ള പ്രധാന മാനദണ്ഡങ്ങൾ ജി.പി.എ, എസിറ്റി സ്കോറുകളും, പാഠ്യേതര വിഷയങ്ങളിലുള്ള മികവുമാണ്.

കോട്ടയം വൈദിക സെമിനാരി പ്രൊഫസറും വേദശാസ്ത്രജ്ഞനുമായ റവ.ഡോ. ജോൺ തോമസ്, റവ.മാത്യു ജോർജ്,, റവ.ജോൺ സമുവേൽ എന്നീ വൈദികർ മുഖ്യാതിഥികളായിരുന്നു.

ഗുഡ്വിൽ ഫ്രാൻസിസ്, ജസ്റ്റീന ഫ്രാൻസിസ്, ഗ്രേസ്ലിൻ ഫ്രാൻസിസ്, ജെസ്ലിൻ കൊല്ലാപുരം, ജിസ്സ ഒളശ്ശ, ജെന്നി വള്ളിക്കളം എന്നിവർ പ്രാർത്ഥനാഗാനം ആലപിച്ചു.

# ഡാളസ് സെന്റ് മേരീസ് വലിയ പള്ളിയിൽ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് ഫാ. മോഹൻ ജോസഫ് നേതൃത്വം നൽകും



*ഡാളസ്:* സെന്റ് മേരീസ് വലിയ പള്ളിയിൽ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് ഫാ.മോഹൻ ജോസഫ് നേതൃത്വം നൽകും. ഏപ്രിൽ 7ന് നാല്പതാം വെള്ളിയാഴ്ചയിലെ ശുശ്രൂഷകൾ മുതൽ ഏപ്രിൽ 16നു ഈസ്റ്റർ ശുശ്രൂഷകൾ വരെയാണ് ഫാ.മോഹൻ ജോസഫ് നേതൃത്വം നൽകുന്നത്.

കോട്ടയം ഏലിയാ കത്തീഡ്രൽ വികാരിയായി ഫാ.മോഹൻ ജോസഫ് സഭാ വർക്കിംഗ് കമ്മറ്റി അംഗം, മാനേജിംഗ് കമ്മറ്റി അംഗം, മീഡിയ സെന്റർ ഡയറക്ടർ, കോർപ്പറേറ്റ് സ്കൂൾ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഓർത്തഡോക്സ് സഭയിലെ വാഗ്മി കൂടിയായ ഫാ.മോഹൻ ജോസഫ് കോട്ടയം മണർകാട് സ്വദേശിയാണ്.





സ്മരണാദിനം- ഏപ്രിൽ 29

# വരവഴികളുടെ എം.വി.ദേവൻ



ജോർജ് തഴക്കര

**ചി**ത്രകാരൻ, ശില്പി, വാസ്തുശില്പി, വാഗ്മി, ചിന്തകൻ എന്നീ നിലകളിൽ മലയാളനാടിന്റെ സാംസ്കാരിക ചരിത്രത്തിൽ പ്രധാന ഇടം നേടിയ വ്യക്തിയായിരുന്നു എം.വി.ദേവൻ.

അക്ഷരം പഠിച്ചുതുടങ്ങും മുമ്പേ മഠത്തിൽ വാസുദേവൻ കരിക്കട്ട കൊണ്ട് ഭിത്തിയിൽ വരച്ചുതുടങ്ങിയിരുന്നു. അച്ഛൻ തലശ്ശേരി മുനിസിപ്പൽ സർവ്വീസിൽ അദ്ധ്യാപകനും അറിയപ്പെടുന്ന പൂരംകളിക്കാരനുമായിരുന്നു. കർക്കടകത്തിലെ രാമായണപാരായണം ബാലമനസ്സിൽ കാവ്യസംസ്കാരം സൃഷ്ടിച്ചു. കൂടാളി ചന്ദ്രോത്ത് ജന്മികുടുംബത്തിലെ കഥകളി, നാട്ടുത്സവങ്ങൾ, തെയ്യം, തിറ, കളമെഴുത്ത് എന്നിങ്ങനെയുള്ള കലാരൂപങ്ങൾ കാണുവാനും കേൾക്കുവാനുമുള്ള അവസരങ്ങൾ ലഭിച്ചു. പുരാണങ്ങളും പഴംപാട്ടുകളും കവിതകളും പിതാവിൽ നിന്നും ഹൃദിസ്ഥമാക്കി. ഉത്സവപറമ്പുകളിലേക്കുള്ള യാത്രയിൽ ഇരുവർക്കും കൂട്ട് കവിതകളായിരുന്നു. ഇതൊക്കെ ഗോവിന്ദന്റെ മാനസിക സംസ്കാരത്തെ ഉത്തേജിപ്പിച്ചു.

അമ്മവീടിന്റെ കോലായിൽ തൂക്കിയിട്ടിരുന്ന രവിവർമ്മ ചിത്രങ്ങളുടെ പകർപ്പുകൾ ദേവസങ്കല്പങ്ങളായിരുന്നു. ഇഷ്ടപ്പെട്ട ചിത്രങ്ങളെല്ലാം വെട്ടി ചുമരിൽ ഒട്ടിച്ചുവയ്ക്കുന്ന ശീലമുണ്ടായിരുന്നു. ഫ്രഞ്ചു കോളനിയായിരുന്ന മാഹിയിലും സമീപപ്രദേശങ്ങളിലും വരുത്തിയിരുന്ന ഫ്രഞ്ചുപത്രമായ 'ലെ-മോണ്ട്' സാധനപൊതികളായി വീട്ടിലെത്തുമായിരുന്നു. യൂറോപ്യരുടെ വേഷവിധാനങ്ങളെക്കുറിച്ചുള്ള അറിവ് അത് നൽകി. അതിൽ ഒന്നിന്റെ ചിത്രം പകർത്തി. അതായിരുന്നു ആദ്യത്തെ ഇല്ലസ്ട്രേഷൻ.

അരയാക്കൂർ സ്കൂളിൽനിന്നും അഞ്ചാം ക്ലാസ് പാസായ വാസുദേവൻ പാനൂരിലെ മിഷൻ സ്കൂളിൽ ചേർന്നപ്പോൾ വീണ്ടും നാലാം ക്ലാസിൽ പഠിക്കേണ്ടിവന്നു. ഹെർമൻ പാതിരിയുടെ ബൈബിൾ ക്ലാസ് പുതിയൊരു ലോകം തുറന്നു. ക്ലാസിനു മുന്നോടിയായി ബൈബിൾ ക്ലാസ് ഉണ്ടായിരിക്കും. ബ്ലാക് ബോർഡിലും ഭിത്തിയിലും ചിത്രപ്പകർപ്പുകൾ തൂക്കിയിട്ടിരിക്കും. പാശ്ചാത്യദേശങ്ങളിലെ മ്യൂസിയങ്ങൾ, ഗ്യാലറികൾ, ദേവാലയങ്ങൾ, രാജകൊട്ടാരങ്ങൾ എന്നിവയുടെ ചിത്രം കാണുമ്പോൾ അതുവരെയില്ലാത്ത ഒരു ഭാവലോകം വാസുദേവനിൽ രൂപപ്പെടുകയായിരുന്നു. മഗ്ദലനമറിയത്തിന്റെ ചിത്രം, ക്രിസ്തു ഉയിർപ്പിച്ച ലാസറിന്റെ ചിത്രം ഇതൊക്കെ ചെറുമനസ്സിൽ വലിയ മോഹതരംഗങ്ങൾ സൃഷ്ടിച്ചു. ഇതുപോലെ തനിക്കും വരയ്ക്കണം.

വാസുദേവൻ വർണ്ണങ്ങൾ ചേർത്ത് വരച്ചുതുടങ്ങി. വീടിന്റെ ഭിത്തികളിൽ അവ ഇടം നേടി. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ പഞ്ചായത്തുകൾചേർന്ന് കാർഷിക വ്യവസായ വിദ്യാഭ്യാസ പ്രദർശനങ്ങൾ നടത്തുക പതിവായിരുന്നു. അതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി വിവിധതരം മത്സരങ്ങൾ നടത്തിയിരുന്നു. പതിനൊന്നുകാരൻ വാസുദേവന്റെ രണ്ടു ചിത്രങ്ങൾ അവിടെ പ്രദർശിപ്പിച്ചു. സ്വാമി വിവേകാനന്ദന്റെയും കിരീടമില്ലാത്ത എഡ്വേർഡ് ഏഴാമന്റെയും ചിത്രങ്ങളായിരുന്നു അത്. അതോടെ വാസുദേവൻ ചിത്രകാരനായി അറിയപ്പെട്ടു.

സഹോദരൻ നാരായണൻ മദ്രാസിൽ വിദ്യാഭ്യാസവകുപ്പിൽ ക്ലാർക്കായി ജോലി ചെയ്തിരുന്നതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വാസുദേവനെ ചിത്രരചന പഠിപ്പിക്കുന്നതിനായി മദ്രാസിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ സ്കൂൾ ഓഫ് ആർട്ട് ആന്റ് ക്രാഫ്റ്റിൽ പരിശീലനം നേടി.

രണ്ടു സഹപാഠികൾ വാസുദേവനിലെ സിദ്ധിയെ പരിപോഷിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങളായി. പ്രഭാകരന്റെ ബന്ധുവായിരുന്നു ആകാശവാണി കോഴിക്കോട് നിലയം ഡയറക്ടർ കൃഷ്ണമൂർത്തി. സുഹൃത്തിന്റെ സഹായത്താൽ 'എതിരാളി' എന്ന നാടകം ആകാശവാണിയിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു. ആന്റണി എന്ന സുഹൃത്താണ് എം.ഗോവിന്ദനിലേക്കുള്ള വഴി തുറന്നിട്ടത്. നവസാഹിതിയുടെ ചർച്ചകളിൽ ഒഴിവു കിട്ടുമ്പോൾ വാസുദേവനും പോകുമായിരുന്നു. അവിടെ വെച്ച് എം.ഗോവിന്ദനെ പരിചയപ്പെട്ടു. 77/ബി ഹാരിസ് റോഡിലെ ഗോവിന്ദഗൃഹം പ്രതിഭകളുടെയും പ്രശസ്തരുടെയും താവളമായിരുന്നു. അവിടെനിന്നും ഉരുതിരിഞ്ഞ ചിന്തകളും സംവാദങ്ങളും മലയാളസാഹിത്യനഭസ്സിൽ ഉദിച്ചുയർന്ന വെള്ളിനക്ഷത്രങ്ങളായിരുന്നു. 'നവസാഹിതി' ദ്വൈമാസിക പ്രസിദ്ധീകരണവുമായി ബന്ധപ്പെടുവാനുള്ള അവസരം വാസുദേവന് ലഭിച്ചു. പതിനെട്ടാം വയസ്സിൽ പത്രാധിപരായി. പ്രഥമ പ്രസിദ്ധീകരണത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അവതരിപ്പിച്ച നാടകം എഴുതിയത് വാസുദേവനായിരുന്നു. യൂറോപ്പിലെ ആധുനിക ചിത്രകലയുടെ ആചാര്യനായ പോൾ സൊസാനെയുടെ ജീവിതസംഘർഷങ്ങളുടെ കഥയായിരുന്നു അതിലൂടെ വാസുദേവൻ അവതരിപ്പിച്ചത്. നവസാഹിതിയുടെ പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ അത് അമേരിക്കൻ ഡോളറിന്റെ പിൻബലത്തിലാണെന്ന് പ്രചരണം ഉണ്ടായി. അവർ അമേരിക്കൻ ചാരന്മാരാണെന്ന് വിപ്ലവപാർട്ടി പ്രചരിപ്പിച്ചു. കണ്ടു മുട്ടിയ നാൾ മുതൽ അവസാനകാലം വരെയും എം.ഗോവിന്ദന്റെ നിഴലായോ പാർശ്വവർത്തിയായോ നിന്നുകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞു. അതിൽ അദ്ദേഹം അഭിമാനിച്ചിരുന്നു. ഒരു കലാലയത്തിൽ നിന്നും കിട്ടാവുന്നത്ര അറിവുകളും അറിവുറവിടങ്ങളും എം.ഗോവിന്ദനിൽനിന്നും ലഭിച്ചു.

ദേവന്റെ ചിത്രം കണ്ട് താല്പര്യം തോന്നിയ ചങ്ങമ്പുഴ തന്റെ 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന കൃതിയുടെ കവർ ചിത്രം വരപ്പിച്ചു. പത്തു രൂപ പ്രതിഫലമായി നൽകി. ദേവനു ലഭിക്കുന്ന ആദ്യപ്രതിഫലമായിരുന്നു അത്.

ജയകേരളം, ഗോപുരം, നവസാഹിതി, സമീക്ഷ എന്നിവയിലൂടെ ദേവന്റെ വര വളരുകയായിരുന്നു. സി.ജെയും എം.ഗോവിന്ദനും ചിന്തകൾക്ക് മൂർച്ചവരുത്തി. വലിയ വായനയുടെ പിൻബലമാർജ്ജിച്ചു.

കെ.സി.എസ്.പണിക്കർ മദിരാശിയിൽ ചിത്രകാരന്മാർക്കായി ഒരിടം കണ്ടെത്തുന്നതിന്റെ ഭാഗമായി ചോളമണ്ഡലം ചിത്രകലാഗ്രാമം സ്ഥാപിച്ചപ്പോൾ ശിഷ്യൻ മെയ്യും മനസ്സും മറന്ന് ഗുരുവിനോടൊപ്പം നിന്നു പ്രയത്നിച്ചു.

പഠനം കഴിഞ്ഞിറങ്ങിയ ദേവന് 1952ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ജോലി കിട്ടി. ബഷീർ, ഉറൂബ്, കാരൂർ, പൊറ്റെക്കാട്ട് തുടങ്ങിയവരുടെ കഥാപാത്രങ്ങൾ ദേവനിലൂടെ ദൃശ്യപ്പൊലിമ കൈവരിച്ചു. ദേവൻ വരയ്ക്കുമ്പോഴെ കഥാപാത്രങ്ങൾക്ക് ജീവൻ വയ്ക്കൂ എന്ന് ബഷീർ അഭിപ്രായപ്പെട്ടു. ഉള്ളു കണ്ടും ആശയം ഉൾക്കൊണ്ടും ദേവൻ വരച്ചു. രേഖാചിത്രങ്ങളിലൂടെ കഥയിലേക്ക് പ്രവേശിക്കുവാൻ ദേവൻ വായനക്കാർക്ക് കവാടമൊരുക്കി.

അയ്യപ്പപണിക്കരുടെ 'ഒരു സർറിയലിസ്റ്റിന്റെ ഗാനം' എന്ന കവിത മാതൃഭൂമിവാരികയിൽ വായിച്ച പലരും നെറ്റിചുളിച്ച് പരിഹസിച്ചപ്പോൾ ആ കവിതയുടെ ലാവണ്യത്തെ വിശദീകരിച്ചുകൊണ്ട് എം.വി.ദേവൻ എഴുതിയ കത്ത് ആധുനിക കവിതയെ മനസ്സിലാക്കാനുള്ള ആദ്യകാൽവെയ്പായിരുന്നു. ആധുനികതയെ മലയാളത്തിന്റെ ഭാഗമാക്കുവാൻ അതിലൂടെ എം.വി.ദേവനു കഴിഞ്ഞു. അയ്യപ്പപണിക്കരുടെ ആദ്യകവിതാസമാഹാരത്തിന് അവതാരിക എഴുതിയത് എം.വി.ദേവനാണ്. മാർക്സിയൻ സൗന്ദര്യശാസ്ത്രത്തോടുള്ള കടുത്ത വിരോധം അതിൽ പ്രകടിപ്പിക്കുകയും ചെയ്തു. 'ഇരുട്ടുമുറിയിൽ ഇല്ലാത്ത കറുത്ത പൂച്ചയെ തപ്പുന്നതുപോലുള്ള ഒരേർപ്പാടാണ് മാർക്സിയൻ സൗന്ദര്യശാസ്ത്ര'മെന്നാണ് ദേവൻ എഴുതിയത്. ഇ.എം.എസിനെ വിമർശിക്കുമ്പോഴും ഇ.എം.എസ് എന്ന വ്യക്തിയുടെ മഹത്വത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു.

ഒരു വയസ്സിന് മൂമ്പിലാണെങ്കിലും നമ്പൂതിരിയെ നിർബന്ധിച്ച് ചിത്രകലാസ്കൂളിലേക്ക് വഴിതിരിച്ചുവിട്ടതും പഠിച്ചിറങ്ങിയപ്പോൾ മാതൃഭൂമി വാരികയിൽ ഇടം നൽകുവാൻ സഹായകമായതും എം.വി.ദേവനായിരുന്നു.

വരയും വാക്കും കൊണ്ട് എം.വി.ദേവൻ തന്റേതായ ഒരു തട്ടകം തീർത്തു. നിലപാടുകളുടെ വെളിപ്പെടുത്തലായിരുന്നു ഓരോ രേഖാചിത്രവും.

ഒമ്പതുവർഷത്തിനുശേഷം 'ദേവനിലെ കലാപകാരി' മാതൃഭൂമിയിൽ നിന്നും പടിയിറങ്ങി. വീണ്ടും മദ്രാസിൽ. അവിടെ സൗത്ത് ഇൻഡ്യൻ ബുക് ട്രസ്റ്റിന്റെ മലയാളം വിഭാഗത്തിൽ എഡിറ്ററായി.

1962ൽ എം.വി.ദേവൻ കൊച്ചിയിലെത്തുമ്പോൾ വേഷം സഫാരി സൂട്ട്. ബുൾഗാൻ താടിയും ചുണ്ടിൽ പുകയുന്ന പൈപ്പും പാശ്ചാത്യഭാവമായി. പിന്നീട് ദേവൻ ഇതൊക്കെ ഉപേക്ഷിച്ചു. മുണ്ടും ജൂബയുമാക്കി. തോളിൽ കിടന്ന രണ്ടാം മുണ്ട് വിയർപ്പു തുടക്കാനാണെന്നാണ് മറ്റൊരു ഭാഷ്യം. കൊച്ചിയിലെ സി.എൻ.ശ്രീകണ്ഠൻനായരുടെ വീട് കൂടിച്ചേരലിനുള്ള ഇടമായിരുന്നു. എം.ഗോവിന്ദൻ, ജി.ശങ്കരക്കുറുപ്പ്, കാവാലം നാരായണപ്പണിക്കർ, എം.കെ.സാനു, വി.ടി.ഭട്ടതിരിപ്പാട്, എം.വി.ദേവൻ തുടങ്ങിയവർ ഇടവേളകളിൽ അവിടെ കൂടുമായിരുന്നു. കലയും ചിന്തയുമായിരുന്നു വിഷയം. 'ഗൂഢസംഘം' എന്ന പേരിലാണ് ഈ സംഘം അറിയപ്പെട്ടിരുന്നത്.

മാതൃഭൂമിയിൽ നിന്നും പിരിഞ്ഞുവെങ്കിലും അതുമായുള്ള ബന്ധം നിലനിർത്തിയിരുന്നു. മാതൃഭൂമി എന്ന ശീർഷകത്തിന് ഇന്നത്തെ രൂപഭംഗി നൽകിയത് ദേവനായിരുന്നു. മാതൃഭൂമി ഏർപ്പെടുത്തിയ അവാർഡ് ആദ്യം ലഭിച്ചത് തിക്കൊടിയനായിരുന്നുവെങ്കിലും അത് മരണാനന്തരമായി മാത്രമെ നൽകുവാൻ കഴിഞ്ഞുള്ളു. രണ്ടാമത്തെ പുരസ്കാരം എം.വി.ദേവനായിരുന്നു. 2001ൽ ദേവൻ രൂപകല്പന ചെയ്ത ശില്പം ആദ്യമായി പുരസ്കാര ജേതാവ് എന്ന നിലയിൽ ഏറ്റുവാങ്ങിയത് എം.വി.ദേവനായിരുന്നു.

മലയാളിയുടെ ദൃശ്യകലാസംസ്കാരം പരിതാപകരമായ അവസ്ഥയിലായിരുന്നു. സുകുമാര കലകളിൽ പ്രധാനമായ ചിത്രവും ശില്പവും വേണ്ടത്രരീതിയിൽ ജനഹൃദയങ്ങളിൽ ഇടം നേടിയിരുന്നില്ല. ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനും അത് കാണുവാനുമുള്ള സാഹചര്യമൊരുക്കുക എന്നതായിരുന്നു എം.വി.ദേവൻ പ്രധാനമായും ചെയ്തത്. കേരളത്തിൽ ആദ്യമായി ഒരു അഖിലേന്ത്യ ചിത്രപ്രദർശനം സംഘടിപ്പിച്ചു. എറണാകുളം ടി.ഡി.എം ഹാളിൽ നടന്ന ആ പ്രദർശനം ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു. ആദ്യത്തെ ആർട്ടിസ്റ്റ് ക്യാമ്പ് പൊന്നാനിയിൽ നടത്തി.

ചോളമണ്ഡലം(1965), കേരള കലാപീഠം(1969), മാഹി കലാഗ്രാമം(1993) എന്നിവ രൂപം കൊണ്ടതിനു പിന്നിൽ എം.വി.ദേവന്റെ പങ്ക് വളരെ വലുതായിരുന്നു. ആധുനികതയുടെ പുതുവെളിച്ചം മലയാള ചിത്രകലാ ലോകത്തിലേക്ക് കൊണ്ടുവന്നു. ലോകചിത്രകലയിൽ സംഭവിക്കുന്ന മാറ്റങ്ങൾ ആനുകാലികമായി പരിചയപ്പെടുത്തി ഭാവനാലോകത്തെ പുനഃസൃഷ്ടിക്കുവാൻ പ്രേരിപ്പിച്ചു.

സി.അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് എം.വി.ദേവനെ ലളിതകലാ അക്കാദമിയുടെ ചെയർമാനായി നിയമിക്കുന്നത്. ക്യാമ്പുകളും ചിത്രപ്രദർശനങ്ങളും സംഘടിപ്പിച്ചു. ചിത്രം എന്ന പേരിൽ ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം ആരംഭിച്ചു. കലാകാരന്മാർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. ദാരിദ്ര്യത്തിൽ കഴിയുന്ന കലാകാരന്മാർക്കുവേണ്ടി ഫണ്ട് സ്വരൂപിച്ചു. അക്കാദമിക്ക് ഒരു സ്ഥിരം കലാശേഖരം ഉണ്ടാക്കുവാൻ ഈ കാലയളവിൽ സാധിച്ചു.

മയ്യഴിയിലെ കലാഗ്രാമത്തിലൂടെ കലാവാസനയും ചൈതന്യവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക എന്നതായിരുന്നു. ചിത്രവും ശില്പവും, സംഗീതവും നൃത്തവും ഇവിടെ പഠിപ്പിക്കുന്നു.

തീപ്പെട്ടി ലേബലുകൾ മുതൽ രണ്ടായിരം ചതുരശ്ര അടി വരുന്ന ഫാക്ടറിയുടെ ഡിസൈൻ വരെ എം.വി.ദേവൻ ചെയ്തിട്ടുണ്ട്. ഏതു കലയും വെടിപ്പായി ചെയ്യുന്നവനാണ് കലാകാരൻ എന്ന ബോധ്യപ്പെടുത്തൽ കൂടി ഇതിനുപിന്നിലുണ്ടായിരുന്നു.

പ്രഭാഷണം



# ഭാഷയും ഭരണഭാഷയും

ഡോ.എഴുമറ്റൂർ രാജരാജവർമ്മ

പതിനൊന്നാം ശതകത്തിൽ സ്പെയിനിൽ ഇസബെല്ലാ രാജ്ഞി അധികാരത്തിലേറുമ്പോൾ അവിടുത്തെ ബിഷപ്പ് രാജ്ഞിക്ക് പാരിതോഷികമായി നൽകിയത് സ്പാനിഷ് ഭാഷയുടെ ഒരു വ്യാകരണഗ്രന്ഥമാണ്. 'ഭരിക്കാൻപോകുന്ന എനിക്കെന്തിനാണ് പുസ്തകം?' രാജ്ഞി ചോദിച്ചു. ബിഷപ്പു പറഞ്ഞു 'ഭാഷ സാമ്രാജ്യം സൃഷ്ടിക്കും' എന്ന്. രാജ്ഞി ഒരു അദ്ധ്യാപകന്റെ സഹായത്താൽ ഈ വ്യാകരണഗ്രന്ഥം പഠിക്കാൻ തുടങ്ങി. പദങ്ങളുടെ പഠനത്തിലൂടെ ജനങ്ങളുടെ ചരിത്രത്തിലേക്കും ജീവിതരീതിയിലേക്കും സംസ്കാരത്തിലേക്കും കടന്നു ചെല്ലാൻ കഴിയുമെന്ന് സ്വാനുഭവത്തിൽനിന്ന് ഇസബെല്ലക്കു ബോധ്യമായി. സ്പെയ്നിന്റെ ചരിത്രത്തിലെ ഏറ്റവും നല്ല ഭരണകാലം ഇസബെല്ലയുടെ ഭരണകാലമാണ്. ജനങ്ങളെ അറിഞ്ഞ്, ജനങ്ങളുടെ ചരിത്രമറിഞ്ഞ്, ജനങ്ങളുടെ സംസ്കാരമറിഞ്ഞ് അവർക്കിണങ്ങിയ രീതിയിൽ ഒരു ഭരണം നടത്താൻ ഇസബെല്ലക്കു കഴിഞ്ഞു. ഇതാണ് ഭാഷയും ഭരണഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ ഒരു ദൃഷ്ടാന്തം. ഭരിക്കാൻ പോകുന്നവർക്ക് പുസ്തകം വേണോ? ഭാഷ വേണോ എന്നുള്ള സംശയം പലരും ഉന്നയിക്കാറുണ്ട്. പുസ്തകം കൈയ്യിലെടുത്തവർക്കേ ഏതു രംഗത്തും നന്നായി, ഫലവത്തായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

മൈസൂർ സർവ്വകലാശാലയിൽ, അവിടെ പഠിക്കുമ്പോൾ പതിനേഴ് വയസ്സ് എത്തുന്നതിനുമുമ്പേ ഇംഗ്ലീഷിൽ ഒരു കവിതാ സമാഹാരം എഴുതിയ ആളാണ് കെ.വി.പുട്ടപ്പ. ഐറിഷുകാരനായ, ലോകപ്രശസ്ത കവിയായ ജെ.എച്. കസിൻസ് ഒരിക്കൽ ഒരു പ്രഭാഷണത്തിന് മൈസൂർ സർവ്വകലാശാലയിൽ വന്നു. പ്രഭാഷണം കഴിഞ്ഞ് വൈസ് ചാൻസിലർ പറഞ്ഞു, ഞങ്ങൾക്ക് ഒരു ഇംഗ്ലീഷ് കവിയുണ്ട്, പരിചയപ്പെടുത്തട്ടേയെന്ന്. ഇപ്പോ വേണ്ട, നാളെ രാവിലെ പത്തുമണിക്ക് ഞാൻ താമസിക്കുന്ന ഗസ്റ്റ് ഹൗസിൽ വരാൻ പറയൂ. കൈയ്യെഴുത്തുപ്രതിയും പ്രസിദ്ധീകരിച്ച പുസ്തകവുമായി പിറ്റേദിവസം രാവിലെ പത്തുമണിക്ക് കസിൻസിന്റെ മുറിയിലെത്തി കെ.വി.പുട്ടപ്പ. കസിൻസ് പുസ്തകം വായിച്ചു. പുട്ടപ്പ അടുത്തു നിൽക്കുകയാണ്. വായിച്ചുകഴിഞ്ഞാൽ വന്നുതന്നെ കെട്ടിപ്പിടിച്ചു ഉമ്മ വയ്ക്കും എന്നായിരുന്നു പുട്ടപ്പയുടെ മനസ്സിലിരിപ്പ്. വായിച്ചു കഴിഞ്ഞ് കസിൻസ് പുട്ടപ്പയെ അടിമുടിയൊന്നു നോക്കി. 'നിങ്ങൾ സർവ്വോദയപ്രസ്ഥാനത്തിന്റെ വക്താവാണോ?' 'അതെ. ഞാൻ ഗാന്ധിയുടെ ശിഷ്യനാണ്. ഗാന്ധിജിയുടെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് എന്റെ ലക്ഷ്യം.' 'നിർത്തൂ'. കസിൻസ് പറഞ്ഞു, 'നിങ്ങൾ പറഞ്ഞതൊന്നും നിങ്ങളുടെ കവിതയിലില്ലല്ലോ. നിങ്ങൾ അടിമുടി ഖദർവസ്ത്രധാരിയായി നിൽക്കുന്നു. അതുകൊണ്ടാണ് ഞാൻ ചോദിച്ചത് നിങ്ങൾ സർവ്വോദയ പ്രസ്ഥാനത്തിന്റെ വക്താവാണോ എന്ന്. എന്തുകൊണ്ടാണ് നിങ്ങൾ ഇംഗ്ലീഷിൽ കവിത എഴുതുന്നത്.' പുട്ടപ്പ ആകെ വിഷമിച്ചു. 'എന്റെ ഭാഷ ചെറിയ ഭാഷയാണ്. എന്റെ വലിയ ആശയങ്ങളും ആദർശങ്ങളും ആവിഷ്കരിക്കാൻ ഈ ചെറിയ ഭാഷക്ക് കരുത്തില്ല'. കസിൻസ് പറഞ്ഞു 'ആരു പറഞ്ഞു നിങ്ങളുടെ ഭാഷയ്ക്ക് കരുത്തില്ലായെന്ന്. നിങ്ങൾ ബംഗാളിലേക്കു നോക്കൂ. ടാഗോർ വരുന്നതുവരെ ബംഗാളി ഭാഷക്ക് കരുത്തില്ലായെന്ന് ആളുകൾ പറഞ്ഞുകൊണ്ടിരുന്നു. ടാഗോർ വന്നതോടുകൂടി ബംഗാളിഭാഷ കരുത്തുള്ളതായി. നിങ്ങൾ നിങ്ങളുടെ ഭാഷയെ കരുത്തുള്ളതാക്കൂ. നിങ്ങൾക്ക് നന്നായി ബോധ്യമായിരിക്കും, നിങ്ങളുടെ ആശയാദർശങ്ങളൊന്നും നിങ്ങളുടെ കവിതയിൽ പകരാൻ ഈ ഇംഗ്ലീഷ് പ്രയോജനപ്പെടുന്നില്ലായെന്നുള്ളത്. നിങ്ങളുടെ ദൗത്യം നിങ്ങളുടെ ഭാഷയെ കരുത്തുള്ളതാക്കുക എന്നതാണ്. മേലാൽ നിങ്ങൾ ഇംഗ്ലീഷിൽ എഴുതിപ്പോകരുത്.' അത് കസിൻസിന്റെ ഒരടിയായിരുന്നു, വാക്പ്രഹരമായിരുന്നു. കരഞ്ഞുകൊണ്ട് പുസ്തകവും വാങ്ങി വീട്ടിൽ പോയ പുട്ടപ്പ പ്രഭാതത്തിലൊരു തീരുമാനത്തിലെത്തി, താൻ ഇനി കന്നഡയിലേ എഴുതൂ എന്ന്. പിന്നീട് കന്നഡയിൽ മാത്രമേ കെ.വി.പുട്ടപ്പ എഴുതിയിട്ടുള്ളൂ. അദ്ദേഹം മൈസൂർ സർവ്വകലാശാലയുടെ വൈസ്ചാൻസിലറായി. ഇന്ത്യയിൽ കിട്ടാവുന്ന പുരസ്കാരങ്ങളെല്ലാം, ജ്ഞാനപീഠം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ കെ.വി.പുട്ടപ്പയ്ക്ക് കിട്ടി. പുട്ടപ്പ കുപമ്പു എന്ന തൂലികാനാമത്തിൽ വിശ്വവിഖ്യാതനായി കഴിഞ്ഞിരുന്നു. ലോക ഭാഷകളിലേക്കൊക്കെ കുപമ്പുവിന്റെ കവിതകൾ തർജ്ജമ ചെയ്യപ്പെട്ടു. കിന്നരി യോഗി എന്ന പുസ്തകം മലയാളത്തിലും വന്നിട്ടുണ്ട്. തന്റെ ഭാഷയെ കരുത്തുള്ളതാക്കുവാൻ കെ.വി.പുട്ടപ്പ തീരുമാനിച്ചതിന്റെ പിന്നിൽ കസിൻസിന്റെ വാക്പ്രഹരമാണ്. ഭാഷയെ സ്നേഹിക്കുന്നവർക്കൊക്കെ അവനവന്റെ ഭാഷയെ കരുത്തുള്ളതാക്കാനുള്ള അടങ്ങാത്ത ദാഹം ഉണ്ടാകണം. കസിൻസിന്റെയും പുട്ടപ്പയുടെയും ചരിത്രം അറിയണമെന്നില്ല, നമ്മുടെ മലയാളത്തിന്റെ ചരിത്രത്തിലേക്ക് നോക്കിയാൽ മതി.

ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള ഭാഷ തന്നെ ചിതംവരൂ
കടുകടെപ്പടു കഠിന സംസ്കൃത വികട കടുകവികേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേറ്റുടൻ

എന്നു കുഞ്ചൻ നമ്പ്യാർ നൂറ്റാണ്ടുകൾക്കു മൻപുതന്നെ നമ്മോടു പറഞ്ഞുതന്നില്ലേ? 'എന്റെ മുന്നിലിരിക്കുന്ന സാധാരണക്കാരായ ആളുകളോട് അവർക്കു മനസ്സിലാകുന്ന ചാരുകേരളഭാഷയിൽ പറയാതെ സംസ്കൃതത്തിലാണ് ഞാൻ പറയുന്നതെങ്കിൽ അവരൊക്കെ എഴുന്നേറ്റു പൊയ്ക്കളയും, അവർക്കു മനസ്സിലാകുന്ന ഭാഷയിലാകണം' ഞാൻ സംസാരിക്കേണ്ടത് എന്നാണ് ഇതിന്റെ അർത്ഥം. ഇതുകൊണ്ടുതന്നെയല്ലേ

ഏതൊരു വേദവുമേതൊരുശാസ്ത്രവും
ഏതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം

എന്ന് 'എന്റെ ഭാഷയിൽ' വള്ളത്തോൾ എഴുതി. ഉള്ളൂരിൽനിന്നു നാം കേൾക്കുന്നതു;

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാം
അടിമുതൽ മുടിയോളം നിന്നിലാവട്ടെ തായേ
അടിമലരിണവേണം താങ്ങുവാൻ, മറ്റൊരേട–
ത്തടിയുവതു ഞെരുക്കം മുക്തിസിദ്ധിക്കുവോളം

ഉള്ളൂർ പറയുന്നത് ഭാഷാസ്നേഹം പോരാ, ഭാഷാപോഷണ വ്യഗ്രത പോരാ, ഭാഷാഭ്രാന്തു വേണം എന്നാണ്. സ്വന്തം ഭാഷയോട്, സ്വന്തം അമ്മയോട്, സ്വന്തം ദേശത്തോട് എന്തു വികാരമാണ് നമുക്കുള്ളത്. മാതൃഭാഷയോട് എന്ത് ആഭിമുഖ്യമാണുള്ളത്. ഇവിടെ ജോൺസൺ സാർ പറഞ്ഞില്ലേ, 'ഗുഡ് മോണിംഗ്' പറഞ്ഞപ്പോൾ, ഞാൻ 'നമസ്കാരം' പറഞ്ഞുവെന്ന്. പദങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, നമുക്ക് ശീലമില്ലാത്തതുകൊണ്ടാണ്. അടുത്തിടെ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഒരു പ്രിൻസിപ്പൽ, മലയാളം അദ്ധ്യാപിക എന്നെ ഫോണിൽ വിളിച്ചിട്ട് 'ഗുഡ് മോണിംഗ്' സാർ എന്നു പറഞ്ഞു. ഞാൻ 'നമസ്കാരം' എന്നു പറഞ്ഞു, 'സോറി സർ ഗുഡ് ആഫ്റ്റർ നൂൺ' എന്നു ടീച്ചർ. ഒരു മണി കഴിഞ്ഞായിരുന്നു സംഭവം. ഞാൻ പറഞ്ഞു, 'അല്ലേയല്ല നമസ്കാരം.' അപ്പോൾ അവർക്ക് എന്തോ വെളിവു വന്നു. അവർ പറഞ്ഞു, ഇപ്പോൾ സാറിനോട് സംസാരിച്ചാൽ ശരിയാവില്ല. പിന്നെ വന്നു കണ്ടോളാം എന്ന്. ഞാൻ പറഞ്ഞു, ഫോൺ താഴെ വയ്ക്കരുത്, ഒരുകാര്യംകൂടി. ആശാനക്ഷരമൊന്നുപിഴച്ചാൽ ... എന്നു പറഞ്ഞിട്ട് ബാക്കി പറയാൻ പറഞ്ഞു. അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന് എന്ന് ടീച്ചറിനെക്കൊണ്ടു പറയിപ്പിച്ചു. ഇതാണ് കുഴപ്പം.

മലയാളം അദ്ധ്യാപിക, മലയാളം പറയേണ്ടുന്ന അദ്ധ്യാപിക, മലയാളം പറയാതിരുന്നാൽ പിന്നെങ്ങനെയാണ് കുട്ടികൾ പറയുക. ഇതാണ് നമ്മുടെ പ്രശ്നം. മാതൃകയാകേണ്ടുന്ന ആളുകൾ മാതൃകയാകാത്ത ഒരു സമൂഹത്തിലാണ് നാം മാതൃകകൾ സൃഷ്ടിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തിലെ മൂല്യങ്ങളൊക്കെ നദിയിലെ വെള്ളം വറ്റുന്നതുപോലെ വറ്റിക്കൊണ്ടിരിക്കയാണ്. കാലത്തിലൂടെ ഒഴുകുമ്പോൾ സരസ്വതി അപ്രത്യക്ഷമായതുപോലെ മൂല്യങ്ങളൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതാണ് ഭാഷയോടുള്ള ആഭിമുഖ്യത്തിലും കാണുന്നത്. നമ്മുടെ ഭാഷയെ നാം എങ്ങനെ കാണുന്നു, അമ്മയെ എങ്ങനെ കാണുന്നു എന്നതാണ് നമുക്ക് മറ്റുള്ള എല്ലാവരേയും കാണാനുള്ള അടിസ്ഥാനം. മാതൃഭാഷയോടുള്ള പ്രേമമാണ് ലോകത്തിലുള്ള എല്ലാ ഭാഷയോടും എല്ലാ സംസ്കാരങ്ങളോടും കൂറുണ്ടാകുന്നതിന്റെ അടിസ്ഥാനം.

കല്യാണക്കുറി ഇപ്പോഴും നാം ഇംഗ്ലീഷിലേ അച്ചടിക്കുകയുള്ളൂ. ജനാധിപത്യസംവിധാനം വന്നു ഇത്രയും കാലം കഴിഞ്ഞിട്ടും കല്യാണക്കുറി ഇംഗ്ലീഷിൽ അച്ചടിക്കാനേ നമുക്ക് അറിയാവൂ. ചരമക്കുറിപ്പ് മലയാളത്തിലച്ചടിക്കും. സങ്കടം വരുമ്പോഴേ നമുക്കു മാതൃഭാഷവരികയുള്ളൂ. അല്ലെങ്കിൽ ആരോടെങ്കിലും ദേഷ്യപ്പെടാൻ. മാന്യമായിട്ടുള്ളതിനൊക്കെ ഇംഗ്ലീഷ്. അടുത്തയിടെ ഇരട്ടക്കുട്ടികൾ മരിച്ചപ്പോൾ മനുഷ്യാവകാശ കമ്മീഷൻ ഡോക്ടറോടു ചോദിച്ചു, കുറിപ്പെഴുതുന്നത് മലയാളത്തിലായിക്കൂടേയെന്ന്. തമിഴ്നാട്ടിൽ നാല്പതു വർഷം മുമ്പുതന്നെ അവിടുത്തെ ഡോക്ടർമാർ തമിഴിലാണ് കുറിപ്പെഴുതുന്നത്. നമ്മൾ മലയാളത്തിലുള്ള കത്തെഴുതിയാലും കവറിനകത്ത് ഇട്ടു കഴിഞ്ഞാൽ മേൽവിലാസം ഇംഗ്ലീഷിലേ എഴുതൂ. എന്താ ഇങ്ങനെ? മലയാളം അറിയാൻ പാടില്ലാത്തതുകൊണ്ടാണോ? അല്ല. മലയാളം എഴുതണം എന്നുള്ള ബോധം നമുക്കില്ല. കേരളത്തിനകത്തുള്ള കത്തുകളൊക്കെ എന്തിനാ ഇംഗ്ലീഷിൽ എഴുതുന്നത്. ഭാഷയോടുള്ള നമ്മുടെ ആഭിമുഖ്യത്തെ അടിസ്ഥാനമാക്കിയായിരിക്കും ഭാഷയുടെ വികാസം. ഭരണഭാഷയുടെ വ്യാപനവും അങ്ങനെതന്നെയായിരിക്കും. ബഞ്ചമിൻ ബെയ്ലിയും ഗുണ്ടർട്ടുമൊക്കെ വന്ന് മലയാളത്തെ വളർത്തുമെന്ന് ആഗ്രഹിക്കാൻ പറ്റുമോ? വിദേശികൾ ആരും വന്ന് മലയാളത്തെ വളർത്താൻ ഇനി ശ്രമിക്കില്ല. നമ്മൾ, മലയാളികളേയുള്ളൂ മലയാളത്തെപ്പറ്റി പറയാൻ, മലയാളത്തെ വളർത്താൻ. ബ്രിട്ടീഷുകാരല്ല മലയാളം ഭരണഭാഷയാകാതിരിക്കുന്നതിന്റെ കുറ്റക്കാർ. കള്ളൻ കപ്പലിൽത്തന്നെയാണ്. മലയാളത്തിന്റെ വളർച്ച, ഭരണഭാഷയുടെ വ്യാപനം ഒരേപോലെ ഉണ്ടാകേണ്ട കാര്യമാണ്, അല്ലെങ്കിൽ ഒരുമിച്ചു നടക്കേണ്ട കാര്യമാണ്. ഇതുവേറെ, വേറെ വെള്ളം കയറാത്ത അറകളിൽ പരിശോധിക്കേണ്ട കാര്യമല്ല. ഞാൻ സെക്രട്ടറിയേറ്റിൽ ഭാഷാവിദഗ്ദ്ധനായി വന്നപ്പോൾ ആദ്യം ചെയ്തത്, ഭാഷയുടേയും ഭരണഭാഷയുടേയും കാര്യത്തിൽ ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്തിട്ടുള്ള തമിഴ് നാട്ടിൽ പോയി അവിടെ ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് കാര്യങ്ങൾ പഠിച്ച് നമുക്ക് ഇണങ്ങിയ രീതിയിൽ ചെയ്യാവുന്ന കാര്യങ്ങൾ ഒക്കെ ചെയ്യുക എന്നതായിരുന്നു. അങ്ങനെയാണ് പല പരിപാടികളും പിന്നീട് തുടങ്ങിയത്.

മനംപോലെ മംഗല്യം. ഞാനെന്ത് ആഗ്രഹിക്കുന്നു. അതേ എനിക്കു കിട്ടുകയുള്ളൂ. ആദ്യം ഭാഷയെ വളർത്താൻ ഭാഷാ സ്നേഹികളാകുക. മലയാളത്തോടു നമുക്കുള്ള ധാർമ്മികത, കടമ നിറവേറ്റുക. മലയാളം നമ്മുടെ ശീലമാക്കുക. സിവിൽ സപ്ലൈസിന്റെ കടയിൽ പോയി ഉപ്പും മുളകും വാങ്ങിച്ചാൽ ഇംഗ്ലീഷിൽ ബില്ലു കിട്ടുന്ന ഏകദേശം കേരളമാണ്. മറ്റു സംസ്ഥാനങ്ങളിലോ, ഇന്ത്യക്കു പുറത്തോ പോയി നോക്കൂ. ഭാഷയോടുള്ള അവരുടെ സമീപനം എന്താണ് എന്ന് മനസ്സിലാക്കാം. ഇംഗ്ലീഷിൽ മാത്രം പേരെഴുതി ബോർഡു വച്ച പുസ്തകക്കട തമിഴ്നാട്ടിൽ തുടങ്ങിയപ്പോൾ അരമണിക്കൂറിനുള്ളിൽ ഡയറക്ടറോട് ഒരു ചുമട്ടുതൊഴിലാളി പരാതിപ്പെട്ടു, നമ്മുടെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഒരിടത്തു ബോർഡു വെച്ചിരിക്കുന്നുവെന്ന്. കേരളത്തിൽ അങ്ങനെയൊരു ചുമട്ടുതൊഴിലാളി പോയിട്ട്, ജീവിതത്തിന്റെ ഏതെങ്കിലും തലത്തിലുള്ള ഒരാൾ നിബന്ധനകൾ, നിർദ്ദേശങ്ങൾ ലംഘിച്ചാൽ ബന്ധപ്പെട്ട അധികാരികളോട് പറയാൻ മുതിരുമോ? ഇല്ലേയില്ല. അങ്ങനെ നമുക്ക് നമ്മുടെ മലയാളഭാഷ ശീലമാകാതിരിക്കകൊണ്ട് ഭാഷ വളരുന്നില്ല.

സംസാരിക്കുന്നവരുടെ നാവുകളിലാണ് ഭാഷ വളരുന്നത്. നാം എല്ലാറ്റിനും ഇംഗ്ലീഷ് പറയുകയും മലയാളം ഭരണഭാഷയാകണം എന്നു പറയുകയും ചെയ്യുന്നു. കോടതിയിൽ വാദിയും പ്രതിയും നിൽക്കുമ്പോൾ അവർക്കുവേണ്ടി വാദിക്കുന്ന വക്കീലന്മാർ പറയുന്ന ഭാഷ കേട്ടുനിന്നിട്ടും അവർക്കു മനസ്സിലാകുന്നില്ല. തൂക്കിക്കൊല്ലാനാണോ, വെറുതെ വിടാനാണോ വിധിച്ചത് എന്ന് ജഡ്ജി വിധി പ്രസ്താവിക്കുമ്പോൾ അവർക്കു മനസ്സിലാകുന്നില്ല. വക്കീൽ പിന്നീട് പറയുമ്പോഴാണ് ഒന്നുകിൽ ബോധം കെടുന്നത്, അല്ലെങ്കിൽ ഒന്നു പുഞ്ചിരിക്കുന്നത്. സ്വാതന്ത്ര്യം നേടി ഇത്രയും കാലം കഴിഞ്ഞിട്ടും നമ്മുടെ കോടതികളിലെ സ്ഥിതിയാണ് ഞാൻ പറഞ്ഞത്.

1731ൽ ഇംഗ്ലണ്ടിൽ ഒരു ബഹുജനപ്രക്ഷോഭം ഉണ്ടായി. അവരുടെ ആവശ്യം ഇംഗ്ലണ്ടിലെ കോടതിഭാഷ ഇംഗ്ലീഷ് ആക്കണമെന്നതായിരുന്നു. അതുവരെ ലാറ്റിനായിരുന്നു അവിടുത്തെ

# വിസ്മയഗോപുരം



കാരൂർ സോമൻ ചാരുംമൂട്

യാത്രകളെന്നും ഗാഢമായ ആലിംഗനംപോലെ കുളിർമ പകരുന്ന ഒരനുഭവമാണ്. മനുഷ്യനെന്നും പുതിയ പുതിയ കാഴ്ചകൾ, മേച്ചിൽപ്പുറങ്ങൾ, പുണ്യദേവാലയങ്ങൾ കണ്ട് ഒരു തീർത്ഥാടകനായി മാറുന്നു. അത് സിനിമപോലുള്ള മായാജാലമല്ല. അതിലുപരി അരികത്തു നില്ക്കുന്ന അതുല്യവും അവർണ്ണനീയവുമായ അറിവിന്റെ ലോകമാണ്. ലോകത്തെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രമാണ് പാരീസ്. ഏകദേശം മൂന്നു കോടിയോളം വിനോദസഞ്ചാരികൾ ഈ പട്ടണത്തിൽ എല്ലാ വർഷവും വന്നുപോകുന്നു. അതിന്റെ പ്രധാന കാരണം പാരീസിന്റെ ഉന്മാദസൗന്ദര്യം മാത്രമല്ല മറിച്ച് സെയിൻ നദിക്കരയിൽ സ്നേഹവാത്സല്യത്തോടെ നമ്മെ മാടി വിളിക്കുന്ന യൂറോപ്പിന്റെ അഹങ്കാരമായ അതിമനോഹരമായ ഈഫൽ ഗോപുരവും മനുഷ്യന്റെ എല്ലാ ചിന്താശക്തികളെയും കവർന്നെടുക്കുന്ന ലുവർ മ്യൂസിയത്തിലെ അതിസുന്ദരിയായ മോണോലിസയുമാണ്. സെയിൻ നദിയുടെ അക്കരെ ഇക്കരെയായി ഉയർന്നു നിൽക്കുന്ന ദേവാലയങ്ങളും മ്യൂസിയങ്ങളും ആർട്ട് ഗാലറികളും കൊട്ടാരങ്ങളും എഴുത്തുകാരുടെ അക്കാദമികളുമെല്ലാം കാണേണ്ട കാഴ്ചകൾ തന്നെയാണ്. ഇവിടെയെല്ലാം മിഴികളുയർത്തി മന്ദഹാസം പൊഴിച്ചുകൊണ്ട് ഹൃദയംഗമമായ സ്നേഹവായ്പോടെ പവിഴച്ചുണ്ടുകളുമായി കാതു കൂർപ്പിച്ചു നിൽക്കുന്ന സുന്ദരിമാരെയും കാണാം. അവരണിഞ്ഞ വസ്ത്രത്തിൽ നിന്നു വരുന്ന പാരീസ് സുഗന്ധ അനുരാഗമൊക്കെ പാരീസിനെയാകെ കെട്ടിപ്പുണർന്ന് കിടക്കണമെന്ന് തോന്നും. എങ്ങും മനുഷ്യമനസ്സിനെ കവർന്നെടുക്കുന്ന കാഴ്ചകൾ.

ഫ്രാൻസിന്റെ ചരിത്രം യൂറോപ്പിന്റെ ചരിത്രം കൂടിയാണ്. പ്രകാശനഗരം എന്ന് പാരീസിനൊരു ചെല്ലപ്പേരുണ്ട്. പാരീസ് വെളിച്ചത്തിന്റെ നഗരമാകുന്നത് തെരുവുവിളക്കുകൾ ആദ്യം പ്രകാശിപ്പിച്ച നഗരമായതുകൊണ്ടല്ല. അതിനേക്കാൾ ഒരു സാംസ്കാരികവിപ്ലവ/ നവോത്ഥാനത്തിന് തിരികൊളുത്തിയ ആദ്യ നഗരമായതുകൊണ്ടാണ്. അതിന്റെ പ്രധാന കാരണം ആൾ ദൈവങ്ങളിൽനിന്ന് വളരെ ദൂരെയാണ് ദൈവത്തിന്റെ വാസമെന്നവർ തിരിച്ചറിയുന്നു. അവിടെ സവർണ്ണരും അവർണ്ണരുമില്ല. ജാതിമതങ്ങൾ അവരെ ഭരിക്കുന്നില്ല. മതത്തിനുവേണ്ടി നിലകൊണ്ടവരെ നാരായണഗുരു പാമരന്മാർ എന്നാണ് വിളിച്ചിരുന്നത്. അതിന്റെ അർത്ഥം അറിവില്ലാത്തവൻ എന്നാണ്. ഈ അറിവില്ലാത്ത, മതത്തിന്റെ പുകമറയ്ക്കുള്ളിലെ മതഭ്രാന്തന്മാർ 2015ൽ പാരീസിൽ നടത്തിയ മനുഷ്യക്കുരുതി അതിനുദാഹരണമാണ്. മതത്തിന്റെ മേലങ്കിയണിഞ്ഞ് മതവ്യാപാരം നടത്തി മനുഷ്യരെ തമ്മിലടിപ്പിക്കുന്നവരും കൊലപാതകികളും പെരുകിക്കൊണ്ടിരിക്കുന്ന കാലമാണിത്. ദൈവം പ്രകാശമാണ്. ആ പ്രകാശത്തിൽ ജീവിക്കുന്നവന് ഒരിക്കലും മതവ്യാപാരം ചെയ്യുവാൻ സാധ്യമല്ല. നൂറ്റാണ്ടുകളായി പാരീസിൽ നടന്നത് മതവ്യാപാരത്തേക്കാൾ ആശയങ്ങളുടെ, സാഹിത്യത്തിന്റെ, കലയുടെ, ശാസ്ത്രത്തിന്റെ, വിപ്ലവത്തിന്റെ പുത്തനറിവുകളായിരുന്നു. ആ അറിവിനായി 1200ൽ പാരീസിൽ ആദ്യത്തെ യൂണിവേഴ്സിറ്റിയുണ്ടായി. സൊർബോൺ യൂണിവേഴ്സിറ്റി. തത്ത്വചിന്തയും ഗണിതശാസ്ത്രവും ശാസ്ത്രസാഹിത്യവും കലകളും മാത്രമല്ല ലോകത്തിന്റെ ഭൗതിക സംവാദങ്ങൾക്ക് അങ്കം കുറിച്ചുകൊണ്ടുള്ള പണ്ഡിത സദസ്സുകളുമുണ്ടായിരുന്നു. 1879ൽ നടന്ന രക്തരഹിത വിപ്ലവത്തിന്റെ ഊർജ്ജം ഹൃദയത്തോടു ചേർത്തു പിടിച്ച് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മാനവകുലത്തിനു നൽകിയത് ഈ വിദ്യാകേന്ദ്രമാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്തെ വെല്ലുവിളിച്ചുകൊണ്ട് 1889ലാണ് ഈ അഭിമാന ഗോപുരമായ ഈഫൽ പാരീസിലുയർന്നത്. രണ്ടരവർഷം കൊണ്ട് നൂറ്റിയമ്പത് തൊഴിലാളികൾ രാപകൽ കഷ്ടപ്പെട്ടാണ് ഈ ഇരുമ്പ് ചട്ടക്കൂട് ആകാശത്തേക്കുയർത്തിയത്. 1710 ചവിട്ടുപടികൾ കയറിവേണം ഈഫലിന്റെ മച്ചിലെത്താൻ. ഇതിന്റെ ആകെ ഭാരം 10,000 ടണ്ണാണ്. ഭൂമിയിൽനിന്ന് 324 മീറ്റർ ഉയരം. മൂന്ന് നിലകൾ, ഏഴായിരം ടൺ ഇരുമ്പ്. വിവിധ തലങ്ങളിലായി 3 ഫ്ളാറ്റ്ഫോറങ്ങൾ. ലോകത്ത് ഏറ്റവും കൂടുതൽ സഞ്ചാരികൾ കയറിയിറങ്ങുന്ന ഗോപുരമാണിത്. എഞ്ചിനീയറിങ്ങിൽ ഇതിനോട് തുലനം ചെയ്യാൻ ലോകത്ത് മറ്റൊരു ഗോപുരവുമില്ല. അതിനാൽ എഞ്ചിനീയറിങ്ങിലെ ഒരു മഹാത്ഭുതം തന്നെയാണിത്. അമ്പതോളം എഞ്ചിനീയർമാർ ഗസ്റ്റേവ് ഈഫലിന്റെ മേൽനോട്ടത്തിലാണ് ഇത് നിർമ്മിച്ചത്. രാത്രിയിൽ വൈദ്യുത കാന്തിയിൽ മിന്നിത്തിളങ്ങുന്ന ഈഫൽ ഒരു വിസ്മയം തന്നെയാണ്. എല്ലാ ദിവസവും അരമണിക്കൂർ ഈഫൽ ദീപങ്ങളാൽ മുങ്ങിക്കുളിച്ചുനിൽക്കും. നിലാവിൽ കുളിച്ചു നില്ക്കുന്ന ഭൂമിക്ക് ഈഫൽ ഒരു കുളിരും കുളിർമ്മയുമാണ്. ചുറ്റുമുള്ള ജലധാരകളിൽ വർണ്ണക്കുടകൾ വിരിഞ്ഞു നില്ക്കും. സെയിൻ നദിയിലെ ജലതരംഗങ്ങളിലും വിവിധ നിറങ്ങൾ വെണ്മ പരത്തി ഒഴുകിക്കൊണ്ടിരിക്കും. സകലർക്കും ആനന്ദം പകർന്നുകൊണ്ട് വെളിച്ചത്തിന്റെ നഗരം ദീപാലംകൃതമാകുന്ന നിമിഷങ്ങൾ. ഇരുട്ടിന്റെ മറവിൽ ഒളിപ്പിച്ചുവെച്ച ഒരു വജ്രമാലയിൽ പ്രകാശം വീണാലെന്നപോലെ ഈഫലിൽ നിന്നുള്ള തൂവെള്ള വെളിച്ചം മിന്നിത്തിളങ്ങുന്നത് ഒരു അപൂർവ്വ ലോക കാഴ്ച തന്നെയാണ്. നദിക്കരയിൽ രണ്ടു കാലും വിടർത്തി നിൽക്കുന്ന ഇരുമ്പിന്റെ മാംസള സൗന്ദര്യമുള്ള നീണ്ടുമെലിഞ്ഞ കഴുത്തു നീട്ടിയുള്ള ഒരു പെൺശരീരമായി ഈഫൽ ഗോപുരത്തെ കാണാൻ കഴിയും. അവളുടെ നിവർന്ന കാൽച്ചുവട്ടിൽ പാരീസ് നഗരം ഒരു ലഹരിയാണ്. രാത്രിയായാൽ ഈഫൽ പെണ്ണിന്റെ കാൽച്ചുവട്ടിലേക്ക് പാരീസ് നഗരം ഒഴുകിയെത്തും. അവളുടെ പ്രലോഭന സൗന്ദര്യത്തിൽ ഏത് ഹൃദയവും നമിച്ചുനിൽക്കാറുണ്ട്. അധികാരവും കാമവും ഇണചേർന്നുരുവായ വാസ്തുവിദ്യയാണ് ഈഫലിന്റേത്. ഒരു നഗരത്തെ മുഴുവൻ കാൽച്ചുവട്ടിലാക്കിയിട്ടുള്ള നില്പാണത്. ഫ്രാൻസിന്റെ ചരിത്രവും അതുതന്നെയാണ്. ലോകത്തെ ഏറ്റവും ഉയരം കൂടിയ ഗോപുരമല്ല ഇന്ന് ഈഫൽ ടവർ. അതിനെക്കാൾ പൊക്കമുള്ളത് ഉയർന്നിട്ടുണ്ടെങ്കിലും ലോകത്തെ ഏറ്റവും പ്രശസ്തവും പുരാതനവുമാണ് ഈഫൽ ഗോപുരം. 1889 മുതൽ 1931 വരെ ലോകത്തെ ഏറ്റവും ഉയരംകൂടിയ മനുഷ്യനിർമ്മിതമായ വസ്തു എന്ന ബഹുമതി ഇതിനുണ്ടായിരുന്നു. 1889ൽ ഫ്രഞ്ച് വിപ്ലവത്തിന്റെ നൂറാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിലാണ് ഈ ഗോപുരം ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഈഫലിന്റെ മുകളിലെത്തിയാൽ നല്ലൊരു ആകാശക്കാഴ്ചയാണ് ദൃശ്യമാകുന്നത്. ഈഫലിന്റെ ഒന്നും രണ്ടും നിലയിൽ റെസ്റ്റോറന്റുകളും, ഒന്നാമത്തെ നിലയിൽ പോസ്റ്റാഫീസും രണ്ടാമത്തെ തട്ടിൽ കടകളുമുണ്ട്. ഇതിനുമുകളിൽ കയറാൻ ടിക്കറ്റെടുക്കണം. സന്ദർശകർക്ക് ടവറിന്റെ മൂന്നു തട്ടുകൾ വരെ പ്രവേശിക്കാം. ഗോപുരത്തിന്റെ നാലു കാലുകളിൽ നിന്നും ലിഫ്റ്റുണ്ട്. ലിഫ്റ്റിൽ ഇരുപതുപേർക്ക് മാത്രമേ പ്രവേശനമുള്ളു. താഴെനിന്ന് മുകളിലേക്ക് നോക്കിയാൽ ഇതൊരു ലോകാത്ഭുതം തന്നെയാണ്.

ഈഫൽ ഗോപുരത്തിനെതിരെ ശബ്ദമുയർത്തിയവരിൽ പ്രമുഖ സാഹിത്യകാരൻ മോപ്പസാങ്ങുമുണ്ടായിരുന്നു. ആകാശത്തേക്കുയർന്ന് നില്ക്കുന്ന ഒരസ്ഥിപഞ്ജരമായിട്ടാണ് ഇതിനെ അദ്ദേഹം വിശേഷിപ്പിച്ചത്. ഇവിടുത്തെ റസ്റ്റോറന്റിൽ നിന്നായിരുന്നു പലപ്പോഴും അദ്ദേഹം ഉച്ചഭക്ഷണം കഴിച്ചിരുന്നത്. എതിർപ്പിനെപ്പറ്റി ഒരാൾ ചോദിച്ചപ്പോൾ നൽകിയ മറുപടി, പാരീസിന്റെ ഏതു കോണിൽ ചെന്നാലും ഈ അസ്ഥിപഞ്ജരത്തെ കാണാൻ കഴിയുമെന്നാണ്. മനുഷ്യർ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം വിനിയോഗിക്കേണ്ടത് ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാത്ത, അസ്ഥിപഞ്ജരങ്ങളായി നടക്കുന്നവർക്ക് ഭക്ഷണം കൊടുക്കുമ്പോഴാണ്. സ്വന്തം പ്രതിച്ഛായയുണ്ടാക്കാൻ അധികാരവും അജ്ഞതയും കൂട്ടാളികളാകരുത്. കാലത്തിനും ചരിത്രത്തിനുമിടയിലുള്ള ഒറ്റവഴിയിലൂടെ സഞ്ചരിക്കുന്നവരാണ് ജ്ഞാനികൾ. അജ്ഞാനികളാകട്ടെ വഴിമാറി നടന്ന് ആപൽക്കരമായ വഴിയിലൂടെ സഞ്ചരിക്കുന്നു. അതാണ് അന്ധവിശ്വാസങ്ങൾ മനുഷ്യനെ മാത്രമല്ല ഈശ്വരനെയും ഭയപ്പെടുത്തുന്നു. ഈഫൽ ഗോപുരംപോലെ ആകാശത്തേക്ക് ഉയർത്തേണ്ടത് ജ്ഞാനത്തിന്റെയും മനസ്സിന്റെയും ആരോഗ്യമാണ്. പാരീസിന്റെ മണ്ണിൽ നിൽക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്നത് ഫ്രാൻസിന്റെ ആത്മചിന്തനമാണ്. അല്ലാതെ വർഗ്ഗീയതയും അഴിമതിയും സ്വജന പക്ഷപാതവുമല്ല. പാശ്ചാത്യർ പഠിച്ചു വായിച്ചു വളരുമ്പോൾ നമ്മുടെ കുട്ടികൾ വായിക്കുന്നുണ്ടോ? അവർ എന്താണ് കണ്ടു പഠിച്ചുവളരുന്നത്?

## ഇഷ്ടം

ജോയ് വാഴയിൽ

ഒരുകൊച്ചു മാലാഖ ചിറകടിച്ചെത്തുന്നു
വിരിയുവാൻ ഭൂമിയിൽ പൂവായ്.
അരുമയായ് തൂവെള്ളച്ചിറകുകളുലയുന്നു
മധുരസുസ്മേരത്തോടൊപ്പം.
ഒരു പാട്ടുപോലെ,യെരിയുന്ന ചന്ദന-
ത്തിരിയുടെ നറുമണംപോലെ,
മുകരുന്ന വായുവിൻ സായൂജ്യമായ്, കുഞ്ഞു-
ചിറകടിച്ചണയുന്നു ഭൂവിൽ.
ഒരു മുകിൽത്തുണ്ടു വഴിക്കുവെച്ചോതുന്നു:
'പെരുതുണ്ടപകടം മന്നിൽ
പനിനീർസുമമായ് വിരിഞ്ഞിടാം, നീയൊരു
കുവലയമാകാം സരസ്സിൽ.
ഒരുവരും കാണാതെ നടവരമ്പത്തു നീ
ഒരു തുമ്പപ്പൂവായ് പിറക്കാം.
മരുവിലെങ്ങാനുമാ മുൾച്ചെടിക്കൂമ്പിൽ നീ
മരുവാം മരണം വരേയ്ക്കും.
തെരുവിൽ ചവിട്ടടിയേല്ക്കും കറുകതൻ
മുറിവിന്റെ ഗദ്ഗദമാവാം.
ഒരുവട്ടം കൂടിയൊന്നോർക്കുകിൽ സുരപഥം
ഒരുപക്ഷേ, വിട്ടു നീ പോകാ.'
മറുമൊഴിയീവിധമോതുന്നു മാലാഖ,
മുകിലിന്നു മഴവില്ലൊളിയായ്:
'ഒരു കണ്ണിനെങ്കിലുമാനന്ദമാകുവാൻ
കഴിയുകിൽ ഭൂവെന്റെ സ്വർഗ്ഗം.
ഒരുകൊച്ചു കാറ്റിനു സൗരഭ്യമേകുവാൻ
കഴിയുകിൽ ജീവിതം ധന്യം.'
മൊഴിയുന്നു പിന്നെയും നീരദം: 'വിടരുകിൽ
പുഴുവൊന്നു നിന്നെ ഗ്രസിക്കാം.
വിടനെന്നറിയാതെയൊരുകരിവണ്ടിന്റെ
ക്ഷണികരാഗത്തിൽ ഭ്രമിക്കാം.
വിടരാത്ത മൊട്ടായി നഗരത്തിൽ നീയൊരു
വിപണിച്ചരക്കായടിയാം.
ഒരു മുടിക്കെട്ടിന്റെയഴകായിടാ, മൊരു
കപടസ്മിതമാമരങ്ങിൽ.
ഒരുവട്ടം കൂടിയൊന്നോർത്തുനോക്കീടുക,
ശരിതന്നെയോ തവലക്ഷ്യം?'
അരുമയായ് പുഞ്ചിരി തൂകും നിറനിലാ-
ത്തിരിയായി മാലാഖ ചൊൽവൂ:
'ശരി,യൊക്കെയീവിധമെങ്കിലും ഭൂമിയിൽ
വിരിയുവാൻ പൂക്കളില്ലെങ്കിൽ
പുലരിയിൽ ലോകം ചിരിക്കുകി,ല്ലുണരില്ല,
പുണരില്ല ധന്യത ജീവൻ.
വിടരണമാപത്തിലിടരിലും, വിസ്മയം
വിരിയണം കണ്ണിൽ, മനസ്സിൽ.
ഒരു കൊച്ചു നിമിഷമെന്നാകിലതാട്ടെ, ഞാൻ
വിരിയട്ടെ മണ്ണിൽ, മനസ്സിൽ'

സുവർണ്ണഗീതങ്ങൾ





ടി.പി.ശാസ്തമംഗലം

# കവിത ചാലിച്ചെഴുതിയ ചിത്രം

**കൃ**ഷ്ണഭക്തകവയിത്രിയായ മീരാബായി (1498–1547) യെക്കുറിച്ച് അനേകം കഥകൾ പ്രചാരത്തിലുണ്ട്. രാജസ്ഥാനിലെ കുഡ്കി ഗ്രാമത്തിൽ ജനിച്ച മീരയ്ക്ക് ശൈശവത്തിൽതന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ടു. പിതാമഹനും ജോധ്പൂർ രാജാവുമായ റാവു ദുദാജിയുടെ സംരക്ഷണയിലാണ് പിന്നീട് അവൾ വളർന്നത്. ചെറുപ്പത്തിൽ യാദൃച്ഛികമായി മീരയുടെ മനസ്സിൽ ശ്രീകൃഷ്ണനോട് അനുരാഗമങ്കുരിച്ചു. അതോടെ ബന്ധുക്കളുടെ നിർബന്ധപ്രകാരം ചി ത്തൈറിലെ റാണാസാംഗയുടെ മകൻ ഭോജ രാജനുമായി മീര വിവാഹബന്ധത്തിലേർപ്പെട്ടു.

അഞ്ചു വർഷമേ ആ ദാമ്പത്യബന്ധം നീണ്ടുനിന്നുള്ളൂ. അതിനകം വിധവയായിത്തീർന്ന അവർ കൃഷ്ണനെ മനസാ ഭർത്താവായി വരിച്ച് പൂജയും മറ്റുമായി കാലം കഴിച്ചുകൂട്ടി. ഭക്തകീർത്തനങ്ങൾ ആലപിച്ചും നൃത്തം ചെയ്തും ആത്മനിർവൃതികൊണ്ടിരുന്ന മീരയ്ക്ക് ആഭിജാത്യാഭിമാനികളായ കുടുംബാംഗങ്ങളുടെ എതിർപ്പുകൾ നേരിടേണ്ടിവന്നു. എന്തിനേറെപ്പറയുന്നു, അവർക്കു നേരെ വധശ്രമം പോലുമുണ്ടായി. അതിൽനിന്ന് കഷ്ടിച്ചു രക്ഷപ്പെട്ട മീര ജന്മനാടും രാജകീയസുഖങ്ങളും ഉപേക്ഷിച്ച് വൃന്ദാവനത്തിലും ദ്വാരകയിലുമായി ശേഷിച്ച കാലം കഴിഞ്ഞു.

പ്രാർത്ഥനാരൂപത്തിലും ശ്രീകൃഷ്ണലീലകൾ അവലംബമാക്കിയും കൃഷ്ണനോടുള്ള അനുരാഗം ആവിഷ്കരിച്ചുകൊണ്ടും ഭക്തമീര രചിച്ചിട്ടുള്ള പദങ്ങൾ പ്രസിദ്ധങ്ങളാണ്. അവ മീരപദാവലി എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാനി സംഗീതത്തിലെ മീരാഭജൻ ജനപ്രീതിയിൽ ഇന്നും മുന്നിലാണ്.

ഭക്തമീരയെ കേന്ദ്രകഥാപാത്രമാക്കി അവർ പാടുന്ന മട്ടിൽ വയലാർ രാമവർമ്മ എഴുതിയ ഒരു ഗാനം 1975ൽ പ്രദർശനത്തിനു വന്നു. 'ഹലോ ഡാർലിങ്' എന്ന ചിത്രത്തിൽ. മൂന്നാംകിട ചിത്രമായിരുന്നിട്ടുപോലും അതിലെ ആ ഗാനം ശ്രദ്ധിക്കപ്പെട്ടത് വയലാറിന്റെ രചനയുടെയും എം.കെ.അർജുനന്റെ സംഗീതത്തിന്റെയും പി.സുശീലയുടെ ആലാപത്തിന്റെയും മഹത്ത്വം കൊണ്ടാണെന്നതിൽ യാതൊരു സംശയവുമില്ല.

*ദ്വാരകേ... ദ്വാരകേ...*
*ദ്വാപരയുഗത്തിലെ പ്രേമസ്വരൂപന്റെ*
*സോപാനഗോപുരമേ*
*കോടിജന്മങ്ങളായ് നിൻസ്വരമണ്ഡപം*
*തേടിവരുന്നു മീര, നൃത്ത-*
*മാടിവരുന്നു മീര*

ഗുജറാത്ത് സംസ്ഥാനത്തിലെ ജാംനഗർ ജില്ലയിൽപ്പെട്ട പട്ടണമാണ് ദ്വാരക. കത്തിയവാറിന്റെ പടിഞ്ഞാറെയറ്റത്ത് സ്ഥിതി ചെയ്യുന്ന ദ്വാരക ഹൈന്ദവ തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ പ്രശസ്തമാണ്. ഇവിടെയാണ് ശ്രീകൃഷ്ണന്റെ രാജധാനി എന്നാണു വിശ്വാസം. ശ്രീകൃഷ്ണന്റെ നേതൃത്വത്തിലുള്ള യാദവരെ ജരാസന്ധന്റെ ആക്രമണത്തിൽനിന്ന് രക്ഷിക്കുവാനായി വിശ്വകർമ്മാവാണ് ദ്വാരകാപുരി നിർമ്മിച്ചതെന്നും ശ്രീകൃഷ്ണന്റെ മരണശേഷം ഈ നഗരം സമുദ്രത്തിൽ മുങ്ങിപ്പോയി എന്നും മഹാഭാരതത്തിൽ നിന്നു ഗ്രഹിക്കാം.

ദ്വാരകയിൽ ഏറെക്കാലം താമസിച്ചിരുന്ന ഭക്തമീര ദ്വാരകയെ അഭിസംബോധന ചെയ്ത് ഗാനം ആരംഭിക്കുകയാണ്. ദ്വാപരയുഗത്തിലെ പ്രേമസ്വരൂപന്റെ (ശ്രീകൃഷ്ണന്റെ) സോപാനഗോപുരമാണ് അതെ ന്നു നമുക്കറിയാം. ഒരു ജന്മമല്ല കോടിജന്മങ്ങളായി അവിടുത്തെ സ്വരമണ്ഡപം തേടിയും നൃത്തമാടിയും വരുന്നവളാണ് താനെന്നു പാടുമ്പോൾ മീരയ്ക്ക് കൃഷ്ണനോടുള്ള അകൈതവമായ പ്രണയത്തിന്റെ തീക്ഷ്ണത നമുക്കു വ്യക്തമാകുന്നു. വാക്കുകളുടെ പ്രയോഗചാതുര്യം കൊണ്ട് വയലാർ ഇവിടെയും കവീശ്വരനായി മാറുന്നു.

*അഷ്ടമംഗല്യവുമായ് അമൃതകലശവുമായ്*
*അഷ്ടമിരോഹിണിയണയുമ്പോൾ*
*വാതിൽ തുറക്കുമ്പോൾ ഇന്ന്*
*ചുണ്ടിൽ യദുകുലകാംബോജിയുമായ്*
*ചുംബിക്കുവാൻ വന്നു ശ്രീപദം*
*ചുംബിക്കുവാൻ വന്നു*
*മീര... മീര... നാഥന്റെ ആരാധികയാം മീര...*

ചിങ്ങമാസത്തിൽ കൃഷ്ണപക്ഷാഷ്ടമിയും (എട്ടാമത്തെ പക്കം) രോഹിണി നക്ഷത്രവും ചേർന്നു വരുന്ന ദിവസമാണ് അഷ്ടമിരോഹിണി. മഹാവിഷ്ണു പൂർണ്ണകലയോടുകൂടി കൃഷ്ണനായി അവതരിച്ചത് ഈ ദിവസം അർദ്ധരാത്രിയിലായിരുന്നുവല്ലോ. അങ്ങനെയുള്ള ദിവസം എങ്ങനെയാണ് വന്നെത്തുന്നത് എന്ന വിവരണത്തിൽപ്പോലും കവി തനതായ മികവു പുലർത്തിയിട്ടുണ്ട്. അഷ്ടമംഗല്യവും (കുരവ, കണ്ണാടി, ദീപം, പൂർണ്ണകുംഭം, വസ്ത്രം, നിറനാഴി, മംഗലസ്ത്രീ, സ്വർണ്ണം എന്നിവ എട്ടും) അമൃതകലശവും (അമൃതു നിറച്ച കുടം) ആയിട്ടാണ് അഷ്ടമിരോഹിണി വന്നണയുന്നതത്രേ. ഭഗവാൻ കൃഷ്ണൻ അവതരിച്ച ദിവസമല്ലേ? അത് അങ്ങനെയല്ലാതാകാൻ തരമില്ലല്ലോ.

പൂജയ്ക്കുവേണ്ടി വാതിൽ തുറക്കുമ്പോൾ ചുണ്ടിൽ യദുകുല കാംബോജി കരുതിവെച്ചിരിക്കുകയാണ് മീര. ശ്രീകൃഷ്ണതൃപ്പാദം ചുംബിച്ച് മീരയ്ക്കു നിർവൃതിയടയണം. 28–ാമത്തെ മേളകർത്താ ഹരകാംബോജി രാഗത്തിന്റെ ജന്യമായ യദുകുലകാംബോജി ഭക്തിരസത്തെ ഉളവാക്കുന്നതും സാർവകാലിക രാഗവുമാണ്. അതുതന്നെ തിരഞ്ഞെടുത്തിരിക്കുന്നു വയലാർ. 'കാവ്യകലയ്ക്കുവേണ്ട എല്ലാ കരുക്കളും അക്ലിഷ്ടസിദ്ധമാണദ്ദേഹത്തിന്'. ചോരയും നീരുമുള്ള ശബ്ദങ്ങളുപയോഗപ്പെടുത്തി തനിക്കുള്ളിൽ കുരുക്കുന്ന ആശയങ്ങൾ ഒതുക്കി പ്രതിപാദിച്ചു ഫലിപ്പിക്കുവാൻ അദ്ദേഹത്തിനു വിശേഷിച്ചൊരു വാസനയുണ്ട്. വായനക്കാരുടെ മനസ്സിൽ പെട്ടെന്ന് തറച്ചുകേറുവാൻ പ്രയാസമുള്ള സംഗതികൾ മൂർത്തപ്രപഞ്ചത്തിൽ നിന്നുള്ള സാമ്യോക്തികളാൽ വ്യക്തമായാകൃതിപ്പെടുത്തിത്തരുവാൻ അദ്ദേഹം വിശേഷിച്ചു നിഷ്കർഷിക്കാറുണ്ട് എന്ന് ജോസഫ് മുണ്ടശ്ശേരി അഭിപ്രായപ്പെട്ടത് വയലാറിന്റെ കവിതയെക്കുറിച്ചാണെങ്കിലും അദ്ദേഹത്തിന്റെ ഗാനത്തിനും അതു അക്ഷരം പ്രതി യോജിക്കും.

*അംഗുലീലാളനത്തിൽ അധരസ്വനങ്ങളിൽ*
*തൻകരപൊൻകുഴൽ തുടിക്കുമ്പോൾ*
*പാടാൻ കൊതിക്കുമ്പോൾ എന്റെ*
*പ്രേമം രതിസുഖസാരേ പാടി*
*പൂജിക്കുവാൻ വന്നു ശ്രീപദം*
*പൂജിക്കുവാൻ വന്നു*
*മീര.. മീര.. നാഥന്റെ ആരാധികയാം മീര.*

കണ്ണന്റെ വേണുഗാനം എത്ര ആഹ്ലാദജനകവും കേൾവികേട്ടതുമാണെന്നു പറയേണ്ടതില്ല. അതിന്റെ ആവിഷ്കാരചാരുത ഈ കവിയുടെ നിസ്തന്ദ്രമായ അഭ്യസനത്തിന് മകുടോദാഹരണമാണ്. അംഗുലീലാളനവും അധരസ്വനവും ചേരുമ്പോഴാണ് കണ്ണന്റെ കൈയിലെ പൊൻകുഴൽ തുടിക്കുന്നത്. അത് (ഓടക്കുഴൽ) പാടാത്ത താമസം മീരയുടെ പ്രേമം രതിസുഖസാരേ ആലപിക്കുവാൻ തയ്യാറെടുക്കുകയാണ്. വംഗദേശീയനായ ജയദേവന്റെ ഗീതഗോവിന്ദത്തിലെ

*രതിസുഖസാരേ ഗതമഭിസാരേ*
*മദനമനോഹര വേഷം*
*നകുരു നിതംബിനി ഗമന വിളംബനം*
*അനുസമതം ഹൃദയകേശം*

എന്ന വരികളാണ് പാടുമെന്നു പറയുന്നത്. മീരയുടെ ഉള്ളിലെ പ്രണയഭാവത്തെ പ്രകടമാക്കാൻ പര്യാപ്തമായ വരികളിലേക്കാണ് വയലാർ കടന്നു ചെന്നിരിക്കുന്നത്. ഏതു ഗാനവും അതിന്റെ പൂർണ്ണമായ അവസ്ഥയിൽ പുറത്തിറങ്ങണം എന്ന നിർബന്ധ ബുദ്ധിയുണ്ടായിരുന്നു അദ്ദേഹത്തിന്. ആരോഗ്യകരമായ ആ വാശിയാണ് ഗാനരചനാരംഗത്തെ തലതൊട്ടപ്പനായി അദ്ദേഹത്തെ മാറ്റിയത്.

കാപിരാഗമാണ് ഈ ഗാനത്തിന് സംഗീതം കൊടുക്കാൻ എം.കെ.അർജുനൻ ഉപയോഗപ്പെടുത്തിയത്. ഗാനത്തിന്റെ സ്വഭാവം മനസ്സിലാക്കി ദേശീയ രാഗമായ കാപി തിരഞ്ഞെടുത്തതാവാം. യഥാർത്ഥ ഭക്തമീരയായി മാറി ഈ ഗാനത്തിന്റെ ആലാപനത്തിലൂടെ പി.സുശീല മീരാഭജൻ പകരുന്ന അതേ സുഖത്തോടെ ഇതും കേട്ടിരിക്കാം എന്നു പറഞ്ഞാൽ അതിശയോക്തിയാണെന്ന് ആരും കരുതണ്ട. സംഗതി വാസ്തവമാണ്.

# ഭാഷയും ഭരണഭാഷയും

കോടതിഭാഷ. ഈ പ്രക്ഷോഭത്തെ തുടർന്ന് ജോർജ് രണ്ടാമൻ ഇംഗ്ലണ്ടിലെ കോടതിഭാഷ ഇംഗ്ലീഷ് ആക്കിയതിനെത്തുടർന്നാണ് ജനങ്ങൾക്ക് കോടതി നടപടികൾ ഏറെക്കുറെ മനസ്സിലാകാൻ തുടങ്ങിയത്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം കേടതികളിലും 1731നുമുമ്പ് ഇംഗ്ലണ്ടിൽ എന്തായിരുന്നോ സ്ഥിതി അതാണ് നിലനിൽക്കുന്നത്. ചുരുക്കം സംസ്ഥാനങ്ങളിൽ മാത്രമേ അവിടുത്തെ ഭാഷയിലും ഇംഗ്ലീഷിലും കേസുവിസ്താരവും വിധിപ്രസ്താവവും നടക്കുന്നുള്ളൂ. ജനാധിപത്യം എങ്ങനെ നമുക്ക് അനുഭവിക്കാൻ കഴിയും.

സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ചില കോഴ്സുകൾക്ക് ഞാനും ക്ലാസെടുക്കുന്നുണ്ട്. എട്ടുവർഷം മുമ്പുവരെ ആറോ ഏഴോ പേരാണ് ഒരു വർഷം കേരളത്തിൽനിന്ന് പരീക്ഷ പാസായിരുന്നത്. ക്രമേണ സംഖ്യ വർദ്ധിക്കാൻ തുടങ്ങി. കഴിഞ്ഞവർഷം 43 വരെയായി. എന്തുകൊണ്ട്. മലയാളം ഐച്ഛികമായി എടുക്കാമെന്നും മലയാളത്തിൽ പരീക്ഷ എഴുതാമെന്നും അഭിമുഖത്തിന് മലയാളം ഉപയോഗിക്കാമെന്നും ഉള്ള സാഹചര്യം ഉണ്ടായിക്കഴിഞ്ഞപ്പോൾ നമ്മുടെ കുട്ടികൾക്ക് ആശയവിനിമയം പൂർണ്ണമായി അന്തർഗതം പൂർണ്ണമായി അവതരിപ്പിക്കാൻ കഴിഞ്ഞതോടെ വിജയികളുടെ എണ്ണവും കൂടി.

ഏതൊരു വേദവുമേതൊരുശാസ്ത്രവും
ഏതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം

ഒരിക്കലും നമുക്ക് ബ്രിട്ടീഷുകാരെപ്പോലെ ഇംഗ്ലീഷ് പറയാനോ എഴുതാനോ പറ്റുകയില്ല. നമ്മുടെ ഭാഷ നമ്മളെപ്പോലെ കൈകാര്യം ചെയ്യാൻ മറ്റൊരാൾക്കും പറ്റില്ല. തിരുവനന്തപുരത്തുവെച്ച് മലയാളം കേട്ടിട്ട് ഹാ എന്തു മാധുര്യം എന്നു പറഞ്ഞുകൊണ്ട് ഇനി താൻ മലയാളത്തിനുവേണ്ടി ജീവിതം മാറ്റിവയ്ക്കുന്നുവെന്ന് ഗുണ്ടർട്ടിനെപ്പോലെയുള്ളവർക്കു മാത്രമേ പറയാനും ചെയ്യാനും പറ്റൂ. (തുടരും)

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.